2024 ഡിസംബർ 21 ശനി

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

www.peoplesreview.co.in
ptnizar@rediffmail.com 9037319971

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

## മാധ്യമ അധിക്ഷേപവും പെട്ടി വിവാദത്തിലെ പരാമർശവും തിരിച്ചടിച്ചു; എൻ.എൻ കൃഷ്ണദാസിനെതിരെ ജില്ലാ നേതൃത്വം

പാലക്കാട്: സിപിഎം പാലക്കാട് ജില്ലാ സെക്രട്ടറിയേറ്റിൽ എൻഎൻ കൃഷ്ണദാസിന് രൂക്ഷ വിമർശനം. മാധ്യമങ്ങൾക്ക് നേരെ നടത്തിയ അധിക്ഷേപം, പെട്ടി വിവാദം അനാവശ്യമെന്ന പരാമർശം തുടങ്ങിയവയിലാണ് കൃഷാൻദാസിന് വിമർശനം. പരാമർശങ്ങൾ ഉപതിരഞ്ഞെടുപ്പിൽ തിരിച്ചടിയായെന്ന് ജില്ലാ സെക്രട്ടറിയേറ്റ് വിലയിരുത്തി. പാലക്കാട് പി സരിനെ സ്ഥാനാർത്ഥിയാക്കിയത്



ശരിയായ തീരുമാനമെന്നും യോഗത്തിൽ പാർട്ടി വിലയിരുത്തി.വാർത്തക്ക് പ്രതികരണം ചോദിച്ചെത്തിയ മാധ്യമപ്രവർത്തകർ ഇറച്ചി കടക്ക് മുൻപിൽ നിൽക്കുന്ന പട്ടികളെപ്പോലെയാണെന്നായിരുന്നു എൻഎൻ കൃഷ്ണദാസ് പറഞ്ഞത്. പിന്നാലെ തന്നെ വലിയ പ്രതിഷേധം കൃഷ്ണദാസിന് നേരെ ഉയർന്നിരുന്നു. ഇതേ വിഷയത്തിലാണ് ഇപ്പോൾ പാർട്ടിക്കുള്ളിൽ നിന്നും വിമർശനം ഉണ്ടായത്.

സിപിഎം ഉയർത്തിക്കൊണ്ടുവന്ന പെട്ടി വിവാദം അനാവശ്യമാണെന്ന് പറഞ്ഞതും പാർട്ടി ചൂണ്ടിക്കാട്ടി. പെട്ടി വിവാദത്തിൽ വലിയ ചർച്ചകൾ നടക്കുമ്പോഴായിരുന്നു കൃഷ്ണദാസിന്റെ പരാമർശം. ഇതും ഉപതിരഞ്ഞെടുപ്പിൽ പാർട്ടിക്ക് ക്ഷീണമുണ്ടാക്കിയെന്ന് ജില്ലാ സെക്രട്ടറിയേറ്റ് അംഗങ്ങൾ വിലയിരുത്തി. രണ്ടുദിവസം കഴിഞ്ഞാൽ പാലക്കാട് ഏരിയ സമ്മേളനം തുടങ്ങാനിരിക്കുന്ന സാഹചര്യത്തിൽ കൂടിയാണ് കൃഷ്ണദാസിനെതിരെയുള്ള പാർട്ടി വിമർശനം.



## കാറിന് മുകളിലേക്ക് ലോറി മറിഞ്ഞു; ഒരു കുടുംബത്തിലെ ആറ് പേർ മരിച്ചു

ബംഗളൂരു: ബംഗളൂരുവിൽ കാറിന് മുകളിലേക്ക് കാർഗോ കണ്ടെയ്നർ ലോറി മറിഞ്ഞ് വീണ് ഒരുകുടുംബത്തിലെ ആറ് പേർ മരിച്ചു. ബംഗളൂരു ദേശീയപാതയിലെ നെലമംഗലത്ത് വച്ചാണ് അപകടം ഉണ്ടായത്. രാവിലെ പതിനൊന്ന് മണിയോടെയായിരുന്നു അപകടം.

കണ്ടെയ്നർ ലോറി മറ്റൊരു ലോറിയിൽ ഇടിച്ച് നിയന്ത്രണം വിട്ട് അടുത്ത ട്രാക്കിലുണ്ടായിരുന്ന കാറിന് മുകളിലേക്ക് മറിയുകയായിരുന്നു. കാറിനകത്ത് യാത്ര ചെയ്ത വിജയപുരം സ്വദേശികളായ വ്യവസായിയും ഭാര്യയും മക്കളുമാണ് അപകടത്തിൽ മരിച്ചത്. ആറ് പേരും സംഭവ സ്ഥലത്തുവച്ചുതന്നെ മരിച്ചു. അപകടത്തെ തുടർന്ന് ബംഗളൂരു- തുംകുരു ദേശീയപാതയിൽ പത്തുകിലോമീറ്ററോളം ദൂരത്തിൽ ഗതാഗതസ്തംഭനം ഉണ്ടായി.

ആഡംബര വോൾവോ കാറിന് മുകളിലേക്കാണ് കണ്ടെയ്നർ മറിഞ്ഞത്. കണ്ടെയ്നർ മുകളിലേക്ക് മറിഞ്ഞതിന് പിന്നാലെ കാർ പൂർണമായും തകർന്നു. നാട്ടുകാരും പൊലീസും അഗ്നിരക്ഷാസേനയും ചേർന്നാണ് ഇവരെ കാറിൽ നിന്ന് പുറത്തെടുത്തത്. മൃതദേഹങ്ങൾ നെലമംഗല സർക്കാർ ആശുപത്രിയിലെ മോർച്ചറിയിലേക്ക് മാറ്റി.

## കട്ടപ്പനയിൽ ജീവനൊടുക്കിയ സാബുവിന് സിപിഎം നേതാവിന്റെ ഭീഷണി

ഇടുക്കി: കട്ടപ്പനയിലെ സഹകരണ ബാങ്ക് മുൻ പ്രസിഡൻറ് വി ആർ സജി ആത്മഹത്യ ചെയ്ത നിക്ഷേപകൻ സാബുവിനെ ഭീഷണിപ്പെടുത്തുന്ന ഫോൺ സന്ദേശം പുറത്ത്. സിപിഎം മുൻ കട്ടപ്പന ഏരിയ സെക്രട്ടറിയാണ് വി ആർ സജി. താൻ ബാങ്കിൽ പണം ചോദിച്ച് എത്തിയപ്പോൾ ബാങ്ക് ജീവനക്കാരൻ ബിനോയ് പിടിച്ചു തള്ളിയെന്ന് ആത്മഹത്യ ചെയ്ത സാബു ഫോൺ സംഭാഷണത്തിൽ പറയുന്നു. താൻ തിരിച്ച് ആക്രമിച്ചെന്ന് പറഞ്ഞ് പ്രശ്നം ഉണ്ടാക്കുകയാണെന്നും ഇദ്ദേഹം പറഞ്ഞു. ഈ മാസത്തെ പണത്തിൽ പകുതി നൽകിയിട്ടും ജീവനക്കാരനെ ഉപദ്രവിക്കേണ്ട കാര്യം എന്തെന്നാണ് സജി തിരിച്ച് ചോദിക്കുന്നത്. വിഷയം മാറ്റാൻ നോക്കേണ്ടെന്നും അടി വാങ്ങിക്കേണ്ട സമയം കഴിഞ്ഞെന്നും പറഞ്ഞ സജി, 'പണി മനസ്സിലാക്കി തരാം' എന്ന് സാബുവിനെ ഭീഷണിപ്പെടുത്തി. പണം തരാൻ ഭരണ സമിതിയും ജീവനക്കാരും ശ്രമിക്കുമ്പോൾ ജീവനക്കാരനെ ആക്രമിച്ചത് ശരിയായില്ലെന്ന് പറഞ്ഞുകൊണ്ടായിരുന്നു ഇത്.

കേസിൽ കട്ടപ്പന റൂറൽ ഡെവലപ്പ്മെൻറ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഭരണ സമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും മൊഴി പൊലീസ് രേഖപ്പെടുത്തും. സാബു ബാങ്കിൽ എത്തിയ സമയത്തെ സിസിടിവി ദൃശ്യങ്ങൾ പൊലീസ് ശേഖരിച്ചിട്ടുണ്ട്. ഇത് വിശദമായി പരിശോധിക്കും. പ്രാഥമിക പരിശോധനയിൽ സാബുവും ജീവനക്കാരും തമ്മിൽ കയ്യേറ്റം ഉണ്ടായതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആത്മഹത്യാക്കുറിപ്പിൽ പേരുള്ള ബാങ്ക് സെക്രട്ടറി റെജി, ജീവനക്കാരായ ബിനോയ്, സുജമോൾ എന്നിവരുടെ മൊഴികളാണ് ആദ്യഘട്ടത്തിൽ രേഖപ്പെടുത്തുക. ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയിലെ പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം കട്ടപ്പനയിലെ സ്വകാര്യ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റിയിട്ടുണ്ട്. വിദേശത്തുള്ള ബന്ധുക്കൾ എത്തിയ ശേഷമായിരിക്കും സംസ്കാരം.

## സുരേഷ് ഗോപി ആംബുലൻസ് ദുരുപയോഗം ചെയ്തെന്ന പരാതിയിൽ പൊലീസ് നടപടി

തൃശ്ശൂർ: തൃശ്ശൂർ പൂരം അലങ്കോലപ്പെട്ടതുമായി ബന്ധപ്പെട്ട വിവാദത്തിൽ, സുരേഷ് ഗോപി അംബുലൻസ് ദുരുപയോഗം ചെയ്തെന്ന പരാതിയിൽ പൊലീസ് നടപടി. വരാഹി അസോസിയേറ്റ്സ് സി ഇ ഒ അഭിജിത്തിനെ തൃശൂർ ഈസ്റ്റ് പൊലീസ് ഇന്ന് ചോദ്യം ചെയ്യാൻ വിളിപ്പിച്ചു. തിരുവമ്പാടി ദേവസ്വം ഓഫീസിലേക്ക് സുരേഷ് ഗോപിക്ക് എത്താൻ ആംബുലൻസ് വിളിച്ചു വരുത്തിയത് അഭിജിത്താണെന്ന് ആംബുലൻസ് ഡ്രൈവർ മൊഴി നൽകിയിരുന്നു. സുരേഷ് ഗോപിയുടെ തെരഞ്ഞെടുപ്പ് സ്ട്രാറ്റജി കൈകാര്യം ചെയ്തത് വരാഹി അസോസിയേറ്റ്സായിരുന്നു. പൂരനഗരിയിലെത്താൻ സുരേഷ് ഗോപി ആംബുലൻസ് ദുരുപയോഗം ചെയ്തുവെന്ന് ആരോപിച്ച് സിപിഐ തൃശൂർ മണ്ഡലം സെക്രട്ടറി അഡ്വ സുമേഷാണ് പൊലീസിന് പരാതി നൽകിയത്.

## വയനാട് ഉരുൾപൊട്ടൽ പുനരധിവാസ പട്ടികയിൽ വ്യാപക പിഴവെന്ന് പരാതി

വയനാട്: മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ പുനരധിവാസവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ പട്ടികയിൽ പിഴവ് എന്ന് ആരോപിച്ച് പ്രതിഷേധം. നിരവധി പേരെ ഒഴിവാക്കിയെന്നും പേരുകളിൽ ഇരട്ടിപ്പ് എന്നും ആരോപിച്ചാണ് പ്രതിഷേധം. ദുരന്തബാധിതരുടെ സമര സമിതിയാണ് പ്രതിഷേധിക്കുന്നത്. ഒരു വാർഡിൽ മാത്രം നിരവധി പേരുകൾ ഇരട്ടിച്ചുവെന്നും ആരോപണമുണ്ട്.

388 പേരുടെ പട്ടികയാണ് കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ചത്. അതിൽ 17 കുടുംബങ്ങളിലെ ആരും ജീവിച്ചിരിപ്പില്ല. പലരുടെയും പേര് ഒഴിവാക്കിയെന്ന പരാതിയുമായി പഞ്ചായത്തിന് മുന്നിൽ സമര സമിതി പ്രതിഷേധിച്ചു.

മാനന്തവാടി സബ് കളക്ടർക്കായിരുന്നു പട്ടിക തയ്യാറാക്കാനുള്ള ഉത്തരവാദിത്വം. റവന്യു ഉദ്യോഗസ്ഥരും പഞ്ചായത്ത് അധികൃതരും സംഘത്തിലുണ്ടായിരുന്നു. എന്നിട്ടും പിഴവുകൾ കടന്നു കൂടി. 15 ദിവസത്തിനുള്ളിൽ വിട്ടുപോയവരുടെ പേരുകൾ നൽകാമെന്നും 30 ദിവസത്തിനുള്ളിൽ അന്തിമ പട്ടിക തയ്യാറാക്കുമെന്നുമാണ് അറിയിപ്പ്.

## എംടിയുടെ നില മെച്ചപ്പെട്ടു; തിരിച്ചുവരാൻ പ്രാർഥിക്കാമെന്ന് ജയരാജ്

കോഴിക്കോട്: സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ തുടരുന്ന എം ടി വാസുദേവൻ നായരുടെ ആരോഗ്യ സ്ഥിതിയിൽ അത്ഭുതകരമായ പുരോഗതിയെന്ന് സംവിധായകൻ ജയരാജ്. അദ്ദേഹം കാൽ അനക്കുന്നുണ്ട്, കണ്ണ് തുറന്ന് നോക്കുന്നുണ്ട്, തിരിച്ച് വരാൻ പ്രാർഥിക്കാമെന്ന് ജയരാജ് പറഞ്ഞു. ആശുപത്രിയിലെത്തി എംടിയെ കണ്ടശേഷം കോഴിക്കോട് മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു ജയരാജ്.

'ഞാനദ്ദേഹത്തെ കയറി കണ്ടു. കുറച്ച് ബെറ്ററായിട്ട് തോന്നുന്നുണ്ട്. കാലൊക്കെ അനക്കുന്നുണ്ട്. പിന്നെ നോക്കുന്നുണ്ട്. കുറച്ചൊക്കെ ഇംപ്രൂവ്മെന്റ് തോന്നുന്നുണ്ട്. നമുക്ക് അദ്ദേഹം തിരിച്ചുവരാൻ പ്രാർഥിക്കാം. അതുതന്നെയാണ് പ്രാർഥിക്കുന്നത്. അധികം വേദനയെടുക്കരുതെന്നും ആഗ്രഹിക്കുന്നുണ്ട്. മെഡിക്കൽ ടീമുമായി സംസാരിച്ചിരുന്നു. ഇന്നലത്തേക്കാൾ മെച്ചമാണെന്നാണ് പറഞ്ഞത്. അത് ഒരു അത്ഭുതകരമായ പുരോഗതിയായി തോന്നുന്നു. നമുക്ക് പ്രാർഥനയോടെ പ്രതീക്ഷിക്കാം' - ജയരാജ് പറഞ്ഞു.



എംടിയുടെ ആരോഗ്യനിലയിൽ നേരിയ പുരോഗതിയെന്ന് ഡോക്ടർമാർ രാവിലെ അറിയിച്ചിരുന്നു. മരുന്നുകളോട് പ്രതികരിക്കുന്നുവെന്നും കൈകാലുകൾ ചലിപ്പിക്കാൻ സാധിച്ചെന്നുമാണ് ഡോക്ടർമാർ അറിയിച്ചത്. മറ്റുകാര്യങ്ങൾ ഇന്നലത്തേത് പോലെ മാറ്റമില്ലാതെ തുടരുകയാണ്. വിദഗ്ധ ഡോക്ടർമാരുടെ സംഘമാണ് എം ടിയുടെ ആരോഗ്യസ്ഥിതി നിരീക്ഷിക്കുന്നത്.

ഈ മാസം 15നാണ് ശ്വാസ തടസ്സത്തെ തുടർന്ന് എംടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കഴിഞ്ഞ കുറെ നാളുകളായി വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് അദ്ദേഹം വിശ്രമത്തിലാണ്. ഒരുമാസം മുൻപ് ശ്വാസതടസ്സവും ന്യൂമോണിയയും മൂലം ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

## വടകര സാൻഡ് ബാങ്ക്സിൽ ഫൈബർ വള്ളം മറിഞ്ഞ് അപകടം; ഒരാൾ മരിച്ചു

വടകര: കോഴിക്കോട് വടകരയിൽ ഫൈബർ വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു. വടകര സാൻഡ് ബാങ്ക്സിൽ ആണ് വള്ളം മറിഞ്ഞ് അപകടം ഉണ്ടായത്.വള്ളത്തിൽ ഉണ്ടായിരുന്ന കുയ്യൻ വീട്ടിൽ അബൂബക്കർ ആണ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന ഇബ്രാഹിം രക്ഷപ്പെട്ടു.രക്ഷാപ്രവർത്തനത്തിന് കോസ്റ്റ് ഗാർഡ് എത്താത്തതിൽ സ്ഥലത്ത് മത്സ്യത്തൊഴിലാളികൾ പ്രതിഷേധിച്ചു.

ഇന്ന് രാവിലെയാണ് രണ്ട് പേർ സഞ്ചരിച്ചിരുന്ന ഫൈബർ വള്ളം കടലിൽ മറിഞ്ഞത്. ഫൈബർ വള്ളം തിരമാലയിൽ എടുത്തെറിഞ്ഞാണ് അപകടമുണ്ടായത്. ഇബ്രാഹിമാണ് അബൂബക്കറിനെ കരയിൽ എത്തിച്ചത്.

സാൻഡ് ബാങ്ക്സിൽ അപകടം പതിവായതോടെ പ്രദേശത്ത് 24 മണിക്കൂറും കോസ്റ്റ് ഗാർഡ് സേവനം ഉണ്ടാകുമെന്ന് നേരത്തെ അധികൃതർ അറിയിച്ചിരുന്നു.

## 'ചെന്നിത്തലയെ ക്ഷണിച്ചത് നല്ല കാര്യം, വെള്ളാപ്പള്ളിയുടെയും അഭിപ്രായം ഇപ്പോൾ മാറി'

തിരുവനന്തപുരം: രമേശ് ചെന്നിത്തലയെ എൻഎസ്എസ് പരിപാടിയിലേക്ക് ക്ഷണിച്ചത് നല്ല കാര്യമെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. സംഘപരിവാറിനെ അകത്ത് കയറ്റാതെ ധീരമായ നിലപാടെടുത്ത നേതൃത്വമാണ് എൻഎസ്എസിന്റേത്. കഴിഞ്ഞമാസം വെള്ളാപ്പള്ളി നടേശൻ പിണറായി വിജയൻ മൂന്നാമത് അധികാരത്തിൽ എത്തുമെന്ന് പറഞ്ഞു. ഇപ്പോൾ 2026 ൽ യുഡിഎഫ് അധികാരത്തിൽ വരുമെന്നും കോൺഗ്രസിന്റെ മുഖ്യമന്ത്രി ഉണ്ടാകുമെന്നുമാണ് പറഞ്ഞത്. കഴിഞ്ഞ മാസത്തെ അദ്ദേഹത്തിന്റെ അഭിപ്രായം മാറി, സംസ്ഥാനത്തുടനീളം ഇത്തരത്തിൽ ആളുകളുടെ അഭിപ്രായം മാറുകയാണെന്നും സതീശൻ പറഞ്ഞു.

'ഏത് നേതാവും സമുദായ സംഘടനകളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചാൽ ഗുണം കോൺഗ്രസിനാണ്. കേരളത്തിൽ യുഡിഎഫിനെ തിരികെ കൊണ്ടുവരാനാണ് താൻ ശ്രമിക്കുന്നത്. അത് ഭംഗിയായി ചെയ്യുന്നുണ്ട്. ഇതിന് മുൻപ് ശശി തരൂരിനെയും കെ മുരളീധരനെയും ഉമ്മൻ ചാണ്ടിയെയും എൻഎസ്എസ് വിളിച്ചിട്ടുണ്ട്. ശിവഗിരിയിലെ സമ്മേളനത്തിൽ താൻ പങ്കെടുത്തിട്ടുണ്ട്. ക്രൈസ്തവരുടെ പരിപാടികളിൽ താൻ ഇന്നലെയും പങ്കെടുത്തു. ഏത് മത വിഭാഗത്തിന്റെയും ഒരു പ്രധാനപ്പെട്ട പരിപാടിയിൽ കോൺഗ്രസ് നേതാവ് പങ്കെടുക്കുമ്പോൾ അതിന്റെ സന്തോഷമുണ്ട്.' സതീശൻ പറഞ്ഞു

കട്ടപ്പനയിൽ നിക്ഷേപിച്ച പണം തിരികെ കൊടുക്കാതെ ഏരിയാ സെക്രട്ടറി ഭീഷണിപ്പെടുത്തിയത് സിപിഎം അധപതിച്ചതിന്റെ തെളിവാണ്. ഗുണ്ടകളെയും പൊലീസിനെയും ഉപയോഗിച്ച് സഹകരണ ബാങ്കുകൾ കോൺഗ്രസിൽ നിന്ന് സിപിഎം പിടിച്ചെടുക്കുകയാണെന്നും വി ഡി സതീശൻ പറഞ്ഞു.

## നിർത്തിയിട്ട ലോറിക്ക് പിന്നിൽ ശബരിമല തീർത്ഥാടകരുടെ കാറിടിച്ചു; 5 പേർക്ക് പരിക്ക്

കോട്ടയം: കാഞ്ഞിരപ്പള്ളിയിൽ ശബരിമല തീർത്ഥാടകരുടെ വാഹനം അപകടത്തിൽ പെട്ടു. ആന്ധ്രാസ്വദേശികൾ സഞ്ചരിച്ച കാറാണ് അപകടത്തിൽപെട്ടത്. അപകടത്തിൽ 5 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ആന്ധ്രയിലെ പ്രകാശം സ്വദേശികളായ മണികണ്ഠൻ (28), ആത്തേ ശ്രീനിവാസലു (45), ശ്രീമൻ നാരായണ (38) ഇദ്ദേഹത്തിന്റെ മകൾ ലക്ഷ്മി റിഷിത (10), ഡ്രൈവർ ലക്ഷ്മി റെഡ്ഢി എന്നിവർക്കാണ് പരിക്കേറ്റത്.

ഇന്ന് ഉച്ചയോട് കൂടിയാണ് അപകടം ഉണ്ടായത്. കാഞ്ഞിരപ്പള്ളി ജം?ഗ്ഷന് സമീപം നിർത്തിയിട്ടിരുന്ന ലോറിക്ക് പിന്നിലേക്ക് തീർത്ഥാടക സംഘത്തിന്റെ കാർ ഇടിക്കുകയായിരുന്നു. പെൺകുട്ടിയടക്കം 5 പേരാണ് കാറിലുണ്ടായിരുന്നത്. ഇവരുടെ പരിക്ക് ?ഗുരുതരമല്ല എന്നാണ് പുറത്തുവരുന്ന വിവരം. 5 പേരെയും താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാർ നിയന്ത്രണം വിട്ട് ലോറിക്ക് പിന്നിലേക്ക് ഇടിച്ചു കയറുകയായിരുന്നു എന്ന് നാട്ടുകാരും സാക്ഷ്യപ്പെടുത്തുന്നു. നാട്ടുകാരും ഒപ്പം ഫയർഫോഴ്സും ചേർന്നാണ് കാറിൽ നിന്നും ആളുകളെ പുറത്തിറക്കി ആശുപത്രിയിലെത്തിച്ചത്.

## ചീട്ടുകളി സംഘത്തെക്കുറിച്ച് പൊലീസിന് വിവരം നൽകിയെന്നാരോപിച്ച് യുവാവിന് മർദനം

തൃശൂർ : ചാവക്കാട് എടക്കഴിയൂർ പഞ്ചവടിയിൽ ചീട്ടുകളി സംഘത്തെക്കുറിച്ച് പൊലീസിന് വിവരം നൽകിയെന്നാരോപിച്ച് യുവാവിനെ സംഘം ചേർന്ന് മർദിച്ചതായി പരാതി. എടക്കഴിയൂർ പഞ്ചവടി വലിയതറയിൽ ഷോബിയെ (39) താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പഞ്ചവടി സെന്ററിൽ കഴിഞ്ഞ ദിവസമാണ് ആക്രമണം ഉണ്ടായത്. കമ്പിവടി കൊണ്ട് അടിച്ചതിനെ തുടർന്ന് തലയ്ക്ക് സാരമായ പരിക്കേറ്റു. തലയിൽ നാല് സ്റ്റിച്ചുകളുണ്ട്. ഷോബി ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകി.

പച്ചക്കറി വാങ്ങിക്കാൻ പോകുമ്പോഴാണ് ഷോബിക്ക് നേരെ ആക്രമണമുണ്ടായത്. കാറിലെത്തിയ സംഘമാണ് ആക്രമിച്ചത്. മുഖത്തടിക്കുകയും നെഞ്ചിൽ ചവിട്ടുകയും ചെയ്തെന്ന് ഷോബി പറയുന്നു. വീണിടത്ത് നിന്ന് എഴുന്നേൽക്കുമ്പോൾ ഇരുമ്പ് വടി കൊണ്ട് തലയ്ക്കടിച്ചെന്നും ഷോബി പറഞ്ഞു. കുറേനാളായി ഭീഷണിയുണ്ടായിരുന്നുവെന്നും ഷോബി പറഞ്ഞു. അബോധാവസ്ഥയിലാണ് യുവാവിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പൊലീസിൽ പരാതി നൽകി.


പണം വെച്ച് ചീട്ട് കളിച്ച സംഘത്തെ പഞ്ചവടി സെന്ററിൽ നിന്ന് രണ്ട് മാസം മുൻപ് അറസ്റ്റ് ചെയ്തിരുന്നു. അന്ന് ചീട്ടുകളി സംബന്ധിച്ച വിവരം പൊലീസിനെ അറിയിച്ചത് താനാണെന്ന് പറഞ്ഞായിരുന്നു മർദ്ദനമെന്നും ഷോബി പറഞ്ഞു.

## കാഞ്ഞിരപ്പള്ളി ഇരട്ടക്കൊലപാതകം: ജോർജ് കുര്യന് ഇരട്ടജീവപര്യന്തം

കോട്ടയം: കാഞ്ഞിരപ്പള്ളിയിൽ സഹോദരനെയും മാതൃസഹോദരനെയും വെടിവച്ചുകൊന്ന കേസിൽ പ്രതി ജോർജ് കുര്യന് ഇരട്ടജീവപര്യന്തം. 20 ലക്ഷം രൂപ പിഴയും ഒടുക്കണം. കോട്ടയം അഡീഷണൽ സെഷൻസ് കോടതിയാണു ശിക്ഷ വിധിച്ചത്.

വിവിധ വകുപ്പുകളിൽ എട്ടു വർഷവും മൂന്നു മാസവും തടവുശിക്ഷ ആദ്യം അനുഭവിക്കണം. തടവു ശിക്ഷ വെവ്വേറെ അനുഭവിക്കാനും കോടതി ഉത്തരവിട്ടിട്ടുണ്ട്.

കേസിൽ കാഞ്ഞിരപ്പള്ളി കരിമ്പാനയിൽ ജോർജ് കുര്യനെ കോടതി ഇന്നലെ കുറ്റക്കാരനായി കണ്ടെത്തിയിരുന്നു. സഹോദരൻ രഞ്ജു കുര്യൻ, മാതൃസഹോദരൻ മാത്യു സ്കറിയ എന്നിവരെയാണ് ഇയാൾ വെടിവെച്ച് കൊന്നത്. സ്വത്ത് തർക്കത്തെ തുടർന്നായിരുന്നു അരും കൊല. 2022 മാർച്ച് ഏഴിനായിരുന്നു സംഭവം.



കാഞ്ഞിരപ്പള്ളി കരിമ്പനാൽ വീട്ടിൽ രഞ്ജു കുര്യൻ (50), മാതൃസഹോദരനും പ്ലാന്ററുമായ കാഞ്ഞിരപ്പള്ളി പൊട്ടംകുളം മാത്യു സ്കറിയ (78) എന്നിവരാണ് കൊല്ലപ്പെട്ടത്. അന്വേഷണത്തിന്റെ തുടക്കത്തിൽ തന്നെ ജോർജ് കുര്യനാണ് പ്രതി എന്ന് കണ്ടെത്തുകയായിരുന്നു. സുപ്രീംകോടതിയടക്കം വിവിധ കോടതികളിൽ ജാമ്യഹർജികൾ നൽകിയെങ്കിലും ജാമ്യം ലഭിച്ചിരുന്നില്ല. തുടർന്ന് വിചാരണ തടവുകാരനായി ഇയാൾ കോട്ടയം സബ് ജയിലിൽ കഴിഞ്ഞുവരികയാണ്. കാഞ്ഞിരപ്പള്ളി പൊലീസാണ് കേസ് അന്വേഷിച്ച് കോടതിൽ കുറ്റപത്രം സമർപ്പിച്ചത്. അടുത്ത ബന്ധുക്കൾ അടക്കം കൂറ് മാറിയ കേസിൽ പ്രൊസിക്യൂഷൻ ഏറെ ശ്രമപ്പെട്ടാണ് വാദം പൂർത്തിയാക്കി പ്രതിയ്ക്ക് ശിക്ഷ ഉറപ്പാക്കിയത്.

ദൃക്സാക്ഷികളായി പ്രൊസിക്യൂഷൻ അവതരിപ്പിച്ച ഭൂരിഭാഗം ആളുകളും കൂറുമാറുന്ന സാഹചര്യം ഉണ്ടായി. എന്നാൽ ശാസ്ത്രീയ തെളിവുകൾ കേസിൽ നിർണായകമാകുകയായിരുന്നു. വെടിവെയ്ക്കാൻ ഉപയോഗിച്ച തോക്ക് കണ്ടെത്തി കോടതിയിൽ ഹാജരാക്കാൻ അന്വേഷണ സംഘത്തിന് കഴിഞ്ഞത് കേസിൽ വഴിത്തിരിവായി.




# സ്കെച്ചേർസ് കമ്യൂണിറ്റി ഗോൾ ചാലഞ്ച് പൂർത്തിയാക്കി നടി മാളവിക മോഹനൻ

കോഴിക്കോട്: സ്കെച്ചേർസ് കമ്യൂണിറ്റി ഗോൾ ചാലഞ്ചിന്റെ ഭാഗമായി ആയിരം കിലോമീറ്റർ ഓട്ടം ലുലു മാളിൽ പൂർത്തിയായി. ഡിസംബർ 17ന് തുടങ്ങിയ എട്ടാമത്തെ ഗോൾ ചലഞ്ച് ലുലു മാളിലെ സ്കെച്ചേർസ് ഉദ്ഘാടന സദസിൽ നടി മാളവിക മോഹൻ അവസാന കിലോമീറ്റർ ഓടിയതോടെയാണ് പൂർത്തിയായത്. ആയിരം കിലോ മീറ്റർ പൂർത്തിയാക്കിയ മറ്റുള്ളവരും ചടങ്ങിൽ പങ്കെടുത്തു. കോഴിക്കോടിന്റെ സമ്പന്നമായ കായിക സംസ്കാരം കമ്മ്യൂണിറ്റി ഗോൾചാലഞ്ചിൽ പ്രതിഫലിക്കുന്നതായി.

പരിപാടിയുടെ ഭാഗമായി പി.ടി ഉഷ ഫൗണ്ടേഷന് സ്കെച്ചേർസ് 100 ജോഡി ഷൂസുകൾ നൽകി. കമ്യൂണിറ്റി, ഫിറ്റ്നസ്, യുവ അത്‌ലറ്റുൾക്കുള്ള പ്രോത്സാഹനം തുടങ്ങിയവയുടെ ഭാഗമായാണ് ഇത്.

ഉഷ ഫൗണ്ടേഷന് കുട്ടികളുടെ ജീവിതത്തെ ഭാവിയിലേക്ക് പ്രചോദിപ്പിക്കാൻ സാധിക്കട്ടെയെന്ന് സ്കെച്ചേഴ്സ് സിഇഒ രാഹുൽ വീര പറഞ്ഞു.

സ്വപ്നങ്ങളെയും ചിന്തകളെയും താലോലിക്കാൻ ഉദ്ഘാടന ചടങ്ങിൽ മാളവിക മോഹൻ പുതുതലമുറയോട് ആവശ്യപ്പെട്ടു. സ്കെച്ചേഴ്സ് കമ്മ്യൂണിറ്റി ഗോൾചലഞ്ചിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. യുവ കായികതാരങ്ങളുടെ ആവേശവും നിശ്ചയദാർഢ്യവും കണ്ടപ്പോൾ ആവേശമായി. ഫിറ്റ്നസ് എപ്പോഴും തന്റെ ജീവിതത്തിന്റെ പ്രധാന ഭാഗമാണ്.

ഇതുപോലുള്ള പരിപാടികൾ കായിക മേഖലയെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല ആളുകളെ ഒരുമിപ്പിക്കുകയും ചെയ്യും. കോഴിക്കോട്ടെ ഊർജ്ജസ്വലമായ സമൂഹവുമായി ചേരാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും മാളവിക മോഹനൻ പറഞ്ഞു.

പാദരക്ഷാ കമ്പനിയായ സ്കെച്ചേഴ്സിന്റെ കോഴിക്കോട്ടെ മൂന്നാമത്തെ ഷോറൂം ആണ് ലുലുവിൽ തുറന്നത്. പുതിയതും ജനപ്രിയവുമായ ലൈഫ്സ്റ്റൈൽ പാദരക്ഷാ ശേഖരങ്ങളും ഫാഷൻ, സ്പോർട്സ്, കാഷ്വൽ, പ്രഫഷണൽ, കുട്ടികളുടേത് ഉൾപ്പടെ എല്ലാ പ്രായക്കാർക്കുമുള്ള ഉത്പന്നങ്ങളും ലഭ്യമാണ്.

ഹാൻഡ്സ് ഫ്രീ സ്ലിപ്പ്-ഇൻസ്, മസാജ് ഫിറ്റ്, ആർച്ച്ഫിറ്റ്, മാക്സ് കുഷ്യനിങ്, ഹൈപ്പർ ബർസ്റ്റ്, എയർ-കൂൾഡ് മെമ്മറി ഫോം, റിലാക്സ്ഡ് ഫിറ്റ്ടെക്നോളജി, സ്ട്രെച്ച് ഫിറ്റ് തുടങ്ങിയ സാങ്കേതികതകൾ മുതൽ കായിക പ്രേമികൾക്കുള്ള പെർഫോമൻസ് ഷൂസ് വരെ ഇവിടെയുണ്ട്.

# അനധികൃത വയൽനികത്തൽ മടവൂർ മുക്കിലെ നെൽവയലുകൾ ഓർമ്മയാകുമോ ?



നരിക്കുനി : മടവൂർ-നരിക്കുനി ഗ്രാമപ്പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കാപ്പാട് തുഷാരഗിരി റോഡരികിലെ നെൽവയലുകൾ അനധികൃതമായി നികത്തുന്നതിൽ നാട്ടുകാർ ആശങ്കയിലാണ്. മടവൂർ അമ്പത്ത് താഴത്ത് ബസ് കാത്തിരിപ്പിന് കേന്ദ്രത്തിനു മുൻപിലെ വയലിലും പഞ്ചവടിപ്പാലത്തിനു സമീപത്തുള്ള വയലുകളിലുമാണ് അനധികൃതമായി മണ്ണിറക്കിയിരിക്കുന്നത്.

തരംമാറ്റുന്നതിനുള്ള ആദ്യ പടിയായാണ് ഇതെന്നാണ് നാട്ടുകാരുടെ ആശങ്ക. ഇവിടങ്ങളിൽ വയലിലേക്ക് നീങ്ങി പുതുതായി കമുകിൻതൈകളും വാഴക്കന്നുകളും വളരുന്നുണ്ട്.ഇവ സംരക്ഷിക്കാനെന്ന വ്യാജേനയാണ് ഇവിടെ പുറത്തുനിന്ന് ലോറിയിൽ മണ്ണിറക്കുന്നതെന്ന് അവർ പറയുന്നു. വയൽ മണ്ണിട്ടുനികത്തുന്നതിന് അധികൃതരുടെ പ്രത്യേക അനുവാദം വേണം. പ്രദേശത്ത് കൃഷി ഇടം മണ്ണിട്ടുനിരത്തി ഉയർത്തുന്ന പ്രവണത വർധിച്ചതോടെ നെൽവയലുകളുടെ വിസ്തൃതി വർഷാവർഷം കുറയുകയാണ്.

മടവൂർമുക്ക് മുതൽ നരിക്കുനിവരെ നീളുന്ന മൂന്നരക്കിലോമീറ്ററോളം വരുന്ന റോഡിന്റെ ഇരുഭാഗവും നേരത്തേ സമൃദ്ധമായി നെല്ലുണ്ടായിരുന്ന വയലുകളായിരുന്നു. നെല്ലു കൊയ്യുന്നതോടെ വാരം ഉയർത്തി മണ്ണ് അതിൽ നിറയ്ക്കുകയാണ് പതിവ്. ഇതോടെ തെങ്ങിൻതൈകളും അവിടെ ഇടംപിടിക്കും.

ഇത്തരത്തിൽ കതിരണിഞ്ഞിരുന്ന നെൽവയലുകളാണ് കമുകിൻതോട്ടങ്ങളും തെങ്ങിൻതോപ്പുകളുമായി മാറിയത്.ബാക്കിവന്ന കൃഷി ഇടം നെൽക്കൃഷിക്കായി സംരക്ഷിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. മടവൂർമുക്കിലും പരിസരങ്ങളിലും നെൽവയൽ നികത്തുന്നതുമായി ബന്ധപ്പെട്ട പരാതിലഭിച്ചിട്ടുണ്ടെന്നും പരിശോധിച്ചുവരുകയുമാണെന്ന് വില്ലേജ് ഓഫീസർ പറഞ്ഞു.

# ലോറി മരക്കൊമ്പിലിടിച്ചു; പൊട്ടിയ മരം ലോറിയിലേക്ക് മുറിഞ്ഞുവീണു

നടുവണ്ണൂർ : സ്വകാര്യബസിന് വശംകൊടുക്കുന്നതിനിടെ ചരക്കുലോറിയുടെ മുകൾഭാഗം റോഡരികിലെ മാവിൻക്കൊമ്പിലിടിച്ചു.മാവിന്റെ തടിമരം മുറിഞ്ഞ് ലോറിയുടെ മുകളിലേക്ക് ചരിഞ്ഞു. മുന്നോട്ടെടുക്കാൻ പറ്റാതെ ലോറി ഏറെനേരം കുടുങ്ങി. ഒടുവിൽ അഗ്നിരക്ഷാസേനയെത്തി മരം മുറിച്ചുമാറ്റി ലോറി നീക്കി. സംസ്ഥാനപാതയിൽ വെള്ളിയാഴ്ച വൈകീട്ട് ആറരയ്ക്ക് കരുവണ്ണൂരിലെ നയര പെട്രോൾപമ്പിന് മുൻവശത്താണ് അപകടം.ജലസേചനവകുപ്പിന്റെ സ്ഥലത്തുള്ള മാവ് റോഡിലേക്ക് ചരിഞ്ഞുനിൽക്കുകയായിരുന്നു. എതിരേവന്ന ബസിന് വശംകൊടുക്കുമ്പോഴാണ് മരത്തിൽത്തട്ടിയത്നിറയെ സോയാബീനുമായി പേരാമ്പ്ര ഭാഗത്തുനിന്ന് കോഴിക്കോട്ടേക്കു പോകുകയായിരുന്നു ലോറി. കുറ്റ്യാടി ഭാഗത്തേക്ക് പോകുകയായിരുന്നു സ്വകാര്യബസ്. ചാക്കുകൾ പൊട്ടി സൊയാബീൻ റോഡിൽ ചിതറി. ഇവിടെ കലുങ്കുള്ളതുകൊണ്ട് റോഡിന് വീതികുറവായിരുന്നു. ഏറെനേരം ഗതാഗതം തടസ്സപ്പെട്ടു. പേരാമ്പ്ര പോലീസെത്തി ഗതാഗതം നിയന്ത്രിച്ചു. പേരാമ്പ്രയിൽനിന്നെത്തിയ അഗ്നിരക്ഷാസേനയാണ് മരം മുറിച്ചുമാറ്റിയത്. സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ ബൈജുവിന്റെ നേതൃത്വത്തിൽ ഫയർ ഓഫീസർമാരായ കെ.കെ. ഗിരീഷ്, ടി. വിജീഷ്, കെ. രഗിനേഷ്, ഗാർഡ് കെ.സി. അജീഷ് എന്നിവരും നാട്ടുകാരും രക്ഷാപ്രവർത്തനത്തിലേർപ്പെട്ടു.


ചരക്കുലോറിയിലേക്ക് മരം മുറിഞ്ഞുവീണനിലയിൽ

# കക്കോടിയിലെ കോൺഗ്രസ് ഗ്രൂപ്പുവഴക്ക് പരിഹാര ശ്രമത്തിനിടെ മണ്ഡലം പ്രസിഡന്റിന്റെ രാജിക്കത്ത്


കക്കോടി : കക്കോടി മണ്ഡലം കോൺഗ്രസ് കമ്മിറ്റിയിലെ എ-ഐ ഗ്രൂപ്പുവഴക്ക് പരിഹരിക്കാൻ ഡി.സി.സി. ശ്രമം നടത്തുന്നതിനിടെ മണ്ഡലം പ്രസിഡന്റായിരുന്ന എം.കെ. പ്രഭാകരൻ രാജിസന്നദ്ധത അറിയിച്ചു.

ഡി.സി.സി. ഔദ്യോഗികമായി രാജി അംഗീകരിച്ചില്ലെങ്കിലും മണ്ഡലം പ്രസിഡന്റ് സ്ഥാനത്ത് തുടരാൻ താത്പര്യമില്ലെന്ന് എം.കെ. പ്രഭാകരൻ പറഞ്ഞു. രാജസ്ഥാനിലുള്ള പ്രഭാകരൻ കെ.പി.സി.സി. പ്രസിഡന്റ്, ഡി.സി.സി. പ്രസിഡന്റ്, ഡി.സി.സി. ജനറൽ സെക്രട്ടറി എന്നിവർക്കാണ് രാജിക്കത്തയച്ചത്.

പ്രഭാകരൻ ലീവ് എടുത്തതിനെത്തുടർന്ന് മണ്ഡലം പ്രസിഡന്റിന്റെ താത്കാലിക ചുമതല മണ്ഡലം വൈസ് പ്രസിഡന്റ് സി.കെ. ഉണ്ണിക്കൃഷ്ണന് നൽകിയിരുന്നു. ചുമതല മാറ്റത്തെത്തുടർന്ന് എ ഗ്രൂപ്പ് പ്രതിഷേധവുമായി രംഗത്തെത്തി. ഇതേക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ഡി.സി.സി. ജനറൽ സെക്രട്ടറി നിജേഷ് അരവിന്ദനെ ഡി.സി.സി. ചുമതലപ്പെടുത്തിയിരുന്നു. ഡി.സി.സി. ജനറൽ സെക്രട്ടറി കക്കോടിയിലെത്തി ഇരുവിഭാഗം പ്രവർത്തകരുമായി സംസാരിക്കുകയും ചെയ്തു.

ഒരുവിഭാഗത്തിന് അതൃപ്തിയുണ്ടായതിനെത്തുടർന്ന് സി.കെ. ഉണ്ണിക്കൃഷ്ണന് താത്കാലികമായി നൽകിയ പ്രസിഡന്റ് സ്ഥാനം മരവിപ്പിക്കാൻ ഡി.സി.സി. തീരുമാനിച്ചു. 30-ന് പ്രഭാകരൻ തിരിച്ചെത്തുന്നതിനാൽ ചുമതല മാറ്റത്തിന്റെ ആവശ്യമില്ലെന്ന് ഡി.സി.സി. പുനഃപരിശോധന നടത്തുകയും പ്രസിഡന്റിന്റെ ചുമതല പ്രഭാകരനോടുതന്നെ തുടരാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

# ഇന്റർസിറ്റി എക്സ്പ്രസിൽ കയറാൻ ശ്രമിക്കുന്നതിനിടെ ട്രെയ്നിനും പ്ലാറ്റ്ഫോമിനും ഇടയിൽ പെട്ട് യാത്രക്കാരൻ മരിച്ചു



കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ഇന്റർസിറ്റി എക്സ്പ്രസിൽ കയറാൻ ശ്രമിക്കുന്നതിനിടെ പ്ലാറ്റ്ഫോമിനും ട്രെയിനിനും ഇടയിൽ പെട്ട് യാത്രക്കാരൻ മരിച്ചു. നാറാത്ത് സ്വദേശി കുഞ്ഞിമടലികത്ത് ഹൗസിൽ പി കാസിം(62) ആണ് മരിച്ചത്.

ഇന്ന് ഉച്ചയ്ക്ക് 2.40ന്റെ കണ്ണൂർ-എറണാകുളം ഇന്റർസിറ്റി എക്സ്പ്രസിൽ ചാടിക്കയറുന്നതിനിടെ പ്ലാറ്റ്ഫോമിനും ട്രെയ്നിനും ഇടയിൽ പെടുകയായിരുന്നു.

പ്ലാറ്റ്ഫോം ഒന്നിൽ കോച്ച് മൂന്നിന് സമീപം വെള്ളിയാഴ്ച ഉച്ചയ്ക്ക് 2.50നാണ് അപകടമെന്ന് റെയിൽവേ അറിയിച്ചു. ഉടൻ തന്നെ ഇദ്ദേഹത്തെ പുറത്തെടുത്തു ജില്ലാ ആശുപത്രിയിലെത്തിക്കുമ്പോഴേക്കും മരണം സംഭവിച്ചു. കണ്ണൂർ നാറാത്ത് മടത്തികൊവ്വൽ താമസിച്ചിരുന്ന കാസിം ഇപ്പോൾ കമ്പിൽ പാട്ടയം ലീഗ് ഓഫിസിനു സമീപത്താണ് താമസം.

ട്രെയിൻ യാത്ര പുറപ്പെടും മുൻപ് തന്നെ ഇദ്ദേഹം പ്ലാറ്റ്ഫോമിൽ നിന്ന് ട്രെയിനിൽ കയറാൻ ശ്രമിച്ചു. എന്നാൽ ഇതിനിടയിൽ കാൽ വഴുതി വീണു. ഇദ്ദേഹത്തോടൊപ്പം മറ്റാരും ഉണ്ടായിരുന്നില്ല. ട്രെയിൻ ഈ സമയത്ത് തന്നെ പുറപ്പെട്ടതോടെ ഇയാൾക്ക് രക്ഷപ്പെടാനായില്ല.

അപകടത്തിൽ ഫോൺ തകർന്നുപോവുക കൂടി ചെയ്തതോടെ മരിച്ചതാരാണെന്ന് സ്ഥിരീകരിക്കാൻ മറ്റ് വഴികൾ തേടേണ്ടതായി വന്നു. ഓടിക്കൂടിയ യാത്രക്കാരാണ് ഇദ്ദേഹത്തെ ട്രെയിനിനും പ്ലാറ്റ്ഫോമിനും ഇടയിൽ നിന്ന് വലിച്ച് പുറത്തെടുത്തത്. പിന്നീട് ജില്ലാ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു.

# കണ്ണൂർ സാഹിത്യോത്സവം തുടങ്ങി: ഭരണാധികാരികൾ ഫ്യൂഡലുകളെ പോലെ പെരുമാറുന്നു – സക്കറിയ

കണ്ണൂർ : രാജ്യത്ത് കൊളോണിയൽ ഭരണത്തിനുശേഷം വന്ന മിക്കവാറും ഭരണാധികാരികൾ ഫ്യൂഡൽ, ഗോത്രവർഗ നേതാക്കളെപോലെയാണ് ജനങ്ങളോട് പെരുമാറുന്നതെന്ന് എഴുത്തുകാരൻ സക്കറിയ. ജവാഹർ ലൈബ്രറി സംഘടിപ്പിക്കുന്ന കണ്ണൂർ സാഹിത്യോത്സവത്തിൽ 'മലയാളിയുടെ സഞ്ചാരം' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാഷ്ട്രീയമേലാളൻമാരുടെയും ഭരണാധികാരികളുടെയും മുന്നിൽ ജനങ്ങൾ താണുവണങ്ങിനിൽക്കേണ്ടിവരുന്നത് ഇന്ത്യയിലല്ലാതെ മറ്റൊരു ജനാധിപത്യരാജ്യത്തും കാണാനാകില്ല. ഇത് ജനാധിപത്യത്തിന്റെ അധഃപതനമാണ്.

ഉള്ളിലെ ഫ്യൂഡലിസമാണ് ഇത് ചെയ്യിക്കുന്നത്. ഉദ്യോഗസ്ഥരുടെ മുന്നിൽപോലും ജനങ്ങൾ വണങ്ങി നിൽക്കുകയാണ്. ഇന്ത്യയൊഴികെയുള്ള ജനാധിപത്യരാജ്യങ്ങളിൽ അധികാരപ്രകടനത്തിന്റെ ജൈത്രയാത്രകളില്ല. സമത്വം ആത്മാർഥമായി പാലിക്കപ്പെടുന്നു. ഭരണാധികാരികൾ പോലീസ് അകമ്പടിയില്ലാതെ പരിപാടിക്ക് ചെന്നാൽ അവിടെയുള്ള ജനങ്ങൾക്കും നിരാശയാണെന്ന് ചില മന്ത്രിമാർ എന്നോട് പറഞ്ഞിട്ടുണ്ട്.ഇത് ജനിതക പ്രശ്നവും ഇന്ത്യൻ രോഗവുമാണ്. ഗാന്ധിജിയും നെഹ്റുവും കീഴാള-മേലാള മനോഭാവമുണ്ടാക്കിയില്ല. ജനങ്ങൾക്ക് അദ്ദേഹത്തോട് ആരാധനാ മനോഭാവമായിരുന്നു -സക്കറിയ പറഞ്ഞു.

അമേരിക്കയിലുള്ള ജനാധിപത്യം മൂലധനത്തിന്റെ ആധിപത്യത്തിലുള്ളതാണെങ്കിലും ജനങ്ങളുടെ മേൽ ഭരണാധികാരികളുടെ ആധിപത്യമില്ല. അമേരിക്കൻ നഗരങ്ങളിലൂടെയും ലണ്ടനിലൂടെയും രാഷ്ട്രത്തലവന്മാർ കടന്നുപോയാൽ അവിടുത്തെ ആരുംതന്നെ അറിയണമെന്നില്ല.


കണ്ണൂർ ജവാഹർ ലൈബ്രറി ലിറ്ററി ഫെസ്റ്റിൽ ആദ്യദിനത്തിൽ 'മലയാളികളുടെ സഞ്ചാരങ്ങൾ' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സക്കറിയയും ഡോ. അജയ്കുമാർ കോടോത്തും

ഇന്ത്യയിൽ അധികാരസ്ഥാനത്ത് കയറിയിരിക്കുന്നവർ ജനങ്ങളുടെ മേലാളൻമാരാണെന്ന അഹങ്കാരം പ്രകടിപ്പിക്കുന്നു. രാഷ്ട്രീയപാർട്ടികളോടുള്ള ബന്ധമല്ല, രാഷ്ട്രനിർമാണമാണ് രാഷ്ട്രീയം. രാഷ്ട്രീയക്കാരെ വരുതിക്ക് നിർത്താനുള്ള കഴിവാണ് പൗരന്റെ ശേഷി. യുവാക്കളിൽ ചെറിയൊരു വിഭാഗം മാത്രമാണ് രാഷ്ട്രീയപാർട്ടികളുടെ ചാവേറുകൾ.

ഇന്നത്തെ മറ്റു യുവാക്കൾ പാർട്ടി അടിമകളല്ല. അതാണ് എന്റെ പ്രതീക്ഷ. എന്നാൽ, അവരെല്ലാം നാട് വിട്ടുപോകുന്ന സ്ഥിതിയാണെന്നും സക്കറിയ ചൂണ്ടിക്കാട്ടി.

**മലയാളി അസോസിയേഷനുകളിൽ വിഭാഗീയ ചിന്ത**

ജാതി, മത, രാഷ്ട്രീയ വിഭജനം വിദേശരാജ്യങ്ങളിലെ മലയാളി അസോസിയേഷനുകളെയും ബാധിച്ചു. ജാതി, മത, രാഷ്ട്രീയ താത്പര്യങ്ങളുടെ വലയത്തിലാണ് ഈ അസോസിയേഷനുകൾ പ്രവർത്തിക്കുന്നത്. വിദേശത്ത് കുടിയേറിയവരുടെ സമ്പത്തും സ്വാധീനവും വർധിച്ചെങ്കിലും മനസ്സ് ചുരുങ്ങിയിരിക്കുകയാണ്. ആദ്യകാല കുടിയേറ്റക്കാരാണ് ഇങ്ങനെ മാറിയത്. ഇവരുടെ അടുത്ത തലമുറയെ ഇതൊന്നും ബാധിച്ചിട്ടില്ല. അവരെല്ലാം മലയാളി നാമമുള്ള വിദേശപൗരന്മാർ മാത്രമാണ്.അടിസ്ഥാനപരമായി മലയാളികൾ യാത്രികരാണ്. തന്നെ ബാധിക്കാത്ത കാര്യങ്ങളിലടക്കമുള്ള മലയാളിയുടെ ജിജ്ഞാസയാണ് യാത്രകളിലേക്കുള്ള പ്രേരണ. മലയാളി നവോത്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കണ്ണികളിലൊന്നാണ് എസ്.കെ. പൊറ്റെക്കാട്ടിന്റെ യാത്രാവിവരണം. ലോകത്തിന്റെ വാതിലുകൾ അദ്ദേഹം തുറന്നിട്ടു. വീഡിയോകളിലൂടെയുള്ള യാത്രാവിവരണം അച്ചടിരൂപത്തിലുള്ളതിനെ ബാധിക്കില്ല -സക്കറിയ പറഞ്ഞു. ഡോ. അജയകുമാർ കോടോത്ത് മോഡറേറ്ററായി.സാഹിത്യോത്സവം എഴുത്തുകാരൻ സക്കറിയ ഉദ്ഘാടനംചെയ്തു. സദാനന്ദ് മേനോൻ മുഖ്യപ്രഭാഷണം നടത്തി. സി.വി. ബാലകൃഷ്ണൻ, ഷാഹിന കെ. റഫീഖ്, എം. രത്നകുമാർ, വി.പി. കിഷോർ എന്നിവർ സംസാരിച്ചു.

പുതിയകാല രാഷ്ട്രീയ സമസ്യകൾ എന്ന വിഷയത്തിൽ പി.എൻ. ഗോപീകൃഷ്ണൻ പ്രഭാഷണം നടത്തി. പരിസ്ഥിതി സംവാദത്തിൽ ഡോ. ഇ. ഉണ്ണികൃഷ്ണൻ, എം. സുചിത്ര എന്നിവർ സംസാരിച്ചു.കുമാർ, ഡോ. പി.കെ. ഭാഗ്യലക്ഷ്മി എന്നിവർ സംസാരിച്ചു.

# മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു

ഓമശ്ശേരി : ഫിഷറീസ് വകുപ്പ് പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന ജനകീയ മത്സ്യക്കൃഷി പദ്ധതിയുടെ ഭാഗമായി ഓമശ്ശേരി പഞ്ചായത്തിൽ സൗജന്യമായി മത്സ്യക്കുഞ്ഞുങ്ങളെ വിതരണംചെയ്തു.

പതിനഞ്ചായിരം മത്സ്യക്കുഞ്ഞുങ്ങളാണ് കർഷകർക്ക് വിതരണംചെയ്തത്. ഉൾനാടൻ മത്സ്യയുത്പാദനം വർധിപ്പിക്കുന്നതിനും മത്സ്യക്കൃഷി വ്യാപനവും ലക്ഷ്യംവെച്ചാണ് പദ്ധതി നടപ്പാക്കുന്നത് പഞ്ചായത്ത് കമ്യൂണിറ്റിഹാളിൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഗംഗാധരൻ വിതരണോദ്ഘാടനം നിർവഹിച്ചു. വികസന സ്റ്റാൻഡിങ് ചെയർമാൻ യൂനുസ് അമ്പലക്കണ്ടി അധ്യക്ഷനായി. മെർലിൻ അലക്സ് പദ്ധതി വിശദീകരിച്ചു. ഫാത്തിമ്മ അബു, സീനത്ത് തട്ടാഞ്ചേരി, പി. അബ്ദുൽ നാസർ, സൈനുദ്ദീൻ കൊളത്തക്കര, എം. ഷീജ ബാബു, അശോകൻ പുനത്തിൽ, ഇബ്രാഹീം ഹാജി പാറങ്ങോട്ടിൽ, ബീന പത്മദാസ് എ.കെ. നിസാർ കൂടത്തായ് ഫിഷറീസ് ഓഫീസർമാരായ സി. ബബിത, ഐശ്വര്യ, അക്വാകൾച്ചർ പ്രമോട്ടർമാരായ സജിത, ദീപു എന്നിവർ സംസാരിച്ചു.

# ലോക്നായക് ജെപി പുരസ്കാരം തമ്പാൻ തോമസിന്

ന്യൂഡൽഹി:ലോക് നായക് ജയപ്രകാശ് നാരായൺ ഇന്റർനാഷണൽ സെന്റർ നൽകുന്ന 2024 ലെ ലോക് നായക് ജെപി പുരസ്കാരത്തിന് സോഷ്യലിസ്റ്റ് പാർട്ടി (ഇന്ത്യ) ദേശീയ പ്രസിഡന്റ് മുൻ എംപി തമ്പാൻ തോമസിനെ തെരഞ്ഞെടുത്തു. ഡിസംബർ 24 ന് ന്യൂ ഡൽഹിയിലെ ഇന്ത്യ ഇന്റർനാഷണൽ സെന്ററിൽ നടക്കുന്ന ചടങ്ങിൽ ഉപ രാഷ്ട്രപതി ജഗദീപ് ധന്കർ അവാർഡ് സമ്മാനിക്കും. ഡോ സുധാംശു ത്രിവേദി എംപി, മുൻ കേന്ദ്രമന്ത്രി രാജ് മനവേന്ദ്ര സിംഗ്, കേന്ദ്രമന്ത്രി രാജ് ഭൂഷൻ ചൗധരി ചടങ്ങിൽ പങ്കെടുക്കും

സോഷ്യലിസ്റ്റ് ആശയ പ്രചാരണത്തിന് തമ്പാൻ തോമസ് നൽകിയിട്ടുള്ള സമഗ്ര സംഭാവന പരിഗണിച്ചാണ് പുരസ്കാരം. മുൻ പ്രധാനമന്ത്രി ഐകെ ഗുജ്റാൾ, ജസ്റ്റിസ് രാജീന്ദ്ര സച്ചാർ എന്നിവർക്ക് കഴിഞ്ഞ വർഷങ്ങളിൽ ഈ പുരസ്കാരം നൽകിആദരിച്ചിരുന്നു.

പ്രമുഖ സോഷ്യലിസ്റ്റും, ട്രേഡ് യൂണിയൻ നേതാവും,സാമൂഹ്യ പ്രവർത്തകനും സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനുമായ തമ്പാൻ തോമസ് ജനതാദൾ സ്ഥാപക ജനറൽ സെക്രട്ടറിയും, എച് എംഎസ് ദേശീയ പ്രസിഡന്റുമായിരുന്നു. ഇപ്പോൾ സോഷ്യലിസ്റ്റ് പാർട്ടി ഇന്ത്യ ദേശീയ പ്രസിഡന്റ്, എച് എം എസ് ദേശീയ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്നു. 1984ൽ മാവേലിക്കരയിൽ നിന്നും ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു . അദ്ദേഹം അവതരിപ്പിച്ച സ്വകാര്യ ബില്ലുകൾ ദേശീയ ശ്രദ്ധ ആകർഷിച്ചിരുന്നു.

# പാലക്കാട് ബൈക്കും ലോറിയും കൂട്ടിയിടിച്ച് രണ്ട് യുവാക്കൾ മരിച്ചു, ബൈക്ക് കത്തിനശിച്ചു

പാലക്കാട്: പുതുപ്പരിയാരത്ത് ബൈക്കും ലോറിയും കൂട്ടിയിടിച്ച് രണ്ട് യുവാക്കൾക്ക് ദാരുണാന്ത്യം. ബൈക്ക് യാത്രക്കാരാണ് മരിച്ചത്. പാലക്കാട് കോഴിക്കോട് ദേശീയപാതയിൽ ഇന്ന് പുലർച്ചെയാണ് അപകടം. അപകടത്തിന് പിന്നാലെ ഇവർ സഞ്ചരിച്ച ബൈക്ക് കത്തിനശിച്ചു.

മലപ്പുറം ഭാഗത്ത് നിന്ന് വന്ന ബൈക്ക് പാലക്കാട് ഭാഗത്ത് നിന്ന് വന്ന ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു. ബൈക്ക് നല്ല വേഗത്തിലാണ് എത്തിയതെന്നും അപകടം നടക്കുമ്പോൾ നല്ല മൂടൽമഞ്ഞുമുണ്ടായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. പാലക്കാട് മക്കരപ്പറമ്പ് സ്വദേശികളാണ് മരിച്ചവർ. റിൻഷാദും സുഹൃത്തുമാണ് മരിച്ചത്.

അപകട വിവരമറിഞ്ഞ് സ്ഥലത്തെത്തിയ പൊലീസ് ഇരുവരെയും ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു. മൃതദേഹങ്ങൾ പാലക്കാട് ജില്ലാ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. പോസ്റ്റ്മോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും.

# നന്മണ്ട 12-ൽ പൊതുശൗചാലയമില്ല ശങ്കതീർക്കാൻ ഇടമില്ല

നന്മണ്ട : നന്മണ്ട 12-ൽ പൊതുശൗചാലയമില്ലാത്തതിനാൽ പൊതുജനങ്ങൾ ദുരിതത്തിൽ. കാരക്കുന്നത്ത്, കുട്ടമ്പൂർ, കൂളിപ്പൊയിൽ, രാമല്ലൂർ പ്രദേശങ്ങളിൽനിന്നായി കോഴിക്കോട്ടേക്കും ബാലുശ്ശേരിയിലേക്കും പോവാൻ വേണ്ടി ബസ് കാത്തുനിൽക്കുന്നവരും ടൗണിൽനിന്ന് മടക്കയാത്രകഴിഞ്ഞ് ബസിറങ്ങുന്നവരുമാണ് ശങ്കതീർക്കാനാവാതെ അസ്വസ്ഥരാകുന്നത്.ഒന്നരപ്പതിറ്റാണ്ടുമുൻപ നന്മണ്ട ഹൈസ്കൂൾ ഗ്രൗണ്ടിനോടുചേർന്ന് പൊതുശൗചാലയവും പൊതുജനത്തിന് ശൗചാലയത്തിലേക്കുള്ള സിമന്റുപടിയുമുണ്ടായിരുന്നു. എന്നാൽ, ഹയർസെക്കൻഡറിയായി ഉയർന്നതോടെ കുറച്ചുമാസംകൂടി ശൗചാലയം ജനത്തിന് ഉപയോഗിക്കാൻ കഴിഞ്ഞെങ്കിലും പിന്നീട് സിമന്റുപടികയറിയുള്ള വഴി അടയ്ക്കുകയായിരുന്നു. പഴയ ശൗചാലയം പൊളിച്ച് പിന്നീട് ഇവിടെ വിദ്യാർഥികൾക്ക് മൂത്രപ്പുരനിർമിക്കുകയും ചെയ്തിരുന്നു.യാത്രക്കാരും പൊതുജനങ്ങളുമേറെയുള്ള കോഴിക്കോട്-ബാലുശ്ശേരി പാതയിലെ പ്രധാന അങ്ങാടിയാണ് നന്മണ്ട 12. പക്ഷേ, പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ പരിസരപ്രദേശത്തെ വീടുകളെ ആശ്രയിക്കേണ്ട ഗതികേടാണ് നന്മണ്ട 12-ലെത്തുന്ന യാത്രക്കാർക്ക്.

12-ലെ ബ്ലോക്ക് പഞ്ചായത്ത് കിണറിനടുത്ത് പുറമ്പോക്കുഭൂമിയുണ്ട്. ആ സ്ഥലം പൊതുശൗചാലയത്തിനായി വിനിയോഗിക്കാം. കിണർ ഉപയോഗശൂന്യമാണെങ്കിലും നികത്താൻ നിലവിൽ വകുപ്പില്ല. പുറമ്പോക്കുഭൂമി പൊതുശൗചാലയ നിർമാണത്തിനായി വിനിയോഗിക്കണമെന്നാണ് നാട്ടുകാരുടെയും ആവശ്യം.വ്യാപാരികൾക്കും പ്രയാസംപൊതുശൗചാലയമില്ലാത്തത് വ്യാപാരികൾക്കും ഏറെ പ്രയാസം സൃഷ്ടിക്കുന്നു. കടകളുടെ പുറകിൽ ശങ്കതീർക്കുന്നതുമൂലം പരിസരപ്രദേശം ദുർഗന്ധപൂരിതമാവുകയാണ്.

# രണ്ടു പദവികളിൽ നിന്ന് കൂടി പി.കെ ശശി പുറത്ത്; സിപിഎം തീരുമാനം പാലക്കാട് ജില്ലാ സെക്രട്ടേറിയറ്റിൽ



പാലക്കാട്: പാർട്ടി നടപടി നേരിട്ട പി.കെ ശശിയെ രണ്ടു പദവികളിൽ നിന്ന് കൂടി നീക്കി. സി.ഐ.ടി.യു ജില്ലാ പ്രസിഡന്റ്, ചുമട്ടുതൊഴിലാളി യൂണിയൻ പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ നിന്നാണ് നീക്കിയത്. ശശിയ്ക്ക് പകരം ജില്ലാ കമ്മിറ്റി അംഗം പി എൻ മോഹനൻ സിഐടിയുവിന്റെ ജില്ലാ പ്രസിഡന്റ് ആകും. റ്റി എം ശശി ചുമട്ടുതൊഴിലാളി യൂണിയൻ പ്രസിഡന്റ് ആകും. കെടിഡിസി ചെയർമാൻ സ്ഥാനത്ത് തുടരുന്ന പി കെ ശശിയെ മാറ്റുന്ന കാര്യം സർക്കാർ തീരുമാനിക്കട്ടെയെന്നാണ് ജില്ലാ സെക്രട്ടറിയേറ്റ് നിലപാട് സ്വീകരിച്ചിരിക്കുന്നത്.നേരത്തെ പി കെ ശശിക്കെതിരായി സിപിഐഎം പാലക്കാട് ജില്ലാ കമ്മിറ്റി സ്വീകരിച്ച അച്ചടക്ക നടപടിക്ക് സംസ്ഥാന നേതൃത്വം അംഗീകാരം നൽകിയിരുന്നു. തിരഞ്ഞെടുക്കപ്പെട്ട എല്ലാ പാർട്ടി പദവികളിൽ നിന്നും പികെ ശശിയെ ഒഴിവാക്കാനായിരുന്നു തീരുമാനം. ഇതോടെ സിപിഐഎം പാലക്കാട് ജില്ലാ കമ്മിറ്റി അംഗമായിരുന്ന ശശിയെ ബ്രാഞ്ചിലേയ്ക്ക് തരംതാഴ്ത്തുകയായിരുന്നു.

കെടിഡിസി ചെയർമാൻ സ്ഥാനത്ത് നിന്നും പി കെ ശശിയെ മാറ്റണമെന്ന് പാലക്കാട് സിപിഐഎം സെക്രട്ടേറിയേറ്റിൽ നേരത്തെയും ആവശ്യം ഉയർന്നിരുന്നു. സംസ്ഥാന നേതൃത്വത്തിന് ജില്ലാ നേതൃത്വം ഇത് സംബന്ധിച്ച് ശുപാർശ നൽകിയിരുന്നു. പി കെ ശശിയെ സിഐടിയു നേതൃത്വത്തിൽ നിന്ന് മാറ്റണമെന്ന ആവശ്യവും നടപടിക്ക് പിന്നാലെ ഉയർന്നിരുന്നു. കെടിഡിസി ചെയർമാൻ പദവി രാജിവേക്കേണ്ടതില്ലെന്നായിരുന്നു നേരത്തെ പി കെ ശശിയുടെ പ്രതികരണം.

പി കെ ശശിക്കെതിരെ നടത്തിയ അന്വേഷണത്തിൽ ഗുരുതര അച്ചടക്ക ലംഘനം സിപിഐഎം കണ്ടെത്തിയിരുന്നു. ഒരു കമ്മ്യൂണിസ്റ്റ് നേതാവിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവാൻ പാടില്ലാത്ത സാമ്പത്തിക തിരിമറിയും സ്വജനപക്ഷ നിലപാടും പി കെ ശശി സ്വീകരിച്ചുവെന്ന് നേരത്തെ സിപിഐഎം പാലക്കാട് ജില്ലാ കമ്മറ്റിയിൽ വിമർശനം ഉയർന്നിരുന്നു. പി കെ ശശിയുടെ പ്രവർത്തനം പാർട്ടിയോട് ചർച്ച ചെയ്യാതെയാണ്. മണ്ണാർക്കാട് യൂണിവേഴ്സൽ സഹകരണ കോളേജിനായി പണം പിരിച്ചത് പാർട്ടിയെ അറിയിച്ചില്ലെന്നുമായിരുന്നു പ്രധാന വിമർശനം.

ഏരിയ കമ്മറ്റി ഓഫീസ് നിർമ്മാണ ഫണ്ട് സ്വന്തം അക്കൗണ്ടിലേക്ക് മാറ്റിയത് ഗുരുതരമായ വീഴ്ച്ചയാണ്. പാർട്ടി നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ വ്യക്തിഗത താൽപര്യങ്ങൾക്ക് ഉപയോഗിച്ചു. സഹകരണ ബാങ്കുകളിൽ ഇഷ്ടക്കാരെ തിരുകി കയറ്റിയെന്നും അടക്കമുള്ള വിമർശനങ്ങൾ സിപിഐഎം പാലക്കാട് ജില്ലാ കമ്മറ്റിയിൽ ഉയർന്നിരുന്നു.

# പോലീസ്-എം.വി.ഡി. പരിശോധന പിഴയായി ഈടാക്കിയത് 20 ലക്ഷം രൂപ

കോഴിക്കോട് : സംസ്ഥാനത്ത് അപകടങ്ങൾ ക്രമാതീതമായി വർധിച്ചുവരുന്ന സാഹചര്യത്തിൽ കഴിഞ്ഞ മൂന്നുദിവസങ്ങളിലായി പോലീസും മോട്ടോർവാഹന വകുപ്പും ചേർന്ന് ബ്ലാക്ക് സ്പോട്ടുകളിൽ നടത്തിയ പരിശോധനയിൽ ജില്ലയിൽ കണ്ടെത്തിയത് 750-ഓളം നിയമലംഘനങ്ങൾ.

പിഴയിനത്തിൽ ഇരുപതു ലക്ഷം രൂപയോളം ഈടാക്കുകയുംചെയ്തു. ഗുരുതര നിയമലംഘനം നടത്തിയ ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡുചെയ്യുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്.

ഹെൽമെറ്റ് ഉപയോഗിക്കാതിരിക്കുക, ലൈസൻസില്ലാതെ വാഹനമോടിക്കുക, അമിതവേഗം, അശ്രദ്ധമായ ഡ്രൈവിങ്, ഇരുചക്രവാഹനങ്ങളിൽ രണ്ടിലധികംപേർ സഞ്ചരിക്കുക, വാഹനങ്ങളിൽ അനധികൃത രൂപമാറ്റം വരുത്തുക, എയർ ഹോൺ ഉപയോഗിക്കുക, അമിതഭാരം കയറ്റുക, ഡ്രൈവിങ്ങിനിടെ മൊബൈൽ ഫോൺ ഉപയോഗിക്കുക, സമയക്രമം പാലിക്കാതെയും അപകടകരമായുമുള്ള ബസ്സുകളുടെ മത്സരയോട്ടം, മദ്യപിച്ച് വാഹനമോടിക്കൽ മുതലായവയാണ് പ്രധാനമായും കണ്ടെത്തിയ നിയമലംഘനങ്ങൾ. സ്പീഡ് ഗവർണർ അഴിച്ചിട്ടതും ജി.പി.എസ്. പ്രവർത്തിപ്പിക്കാത്തതും ഫിറ്റ്നസ് ഇല്ലാത്തതുമായ വാഹനങ്ങൾക്കെതിരേയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

# പറമ്പിക്കുളം കടുവസങ്കേതത്തിൽ വിദ്യാർഥികൾ ജൈവ തടയണകൾ നിർമിച്ചു




മുതലമട : പറമ്പിക്കുളം കടുവസങ്കേതത്തിനുള്ളിലെ വന്യജീവികൾക്ക് ദാഹജലത്തിനായി നീർച്ചാലുകളിൽ വിദ്യാർഥികൾ ജൈവതടയണകൾ നിർമിച്ചു.

പറമ്പിക്കുളം വനം റേഞ്ചിന്റെ സഹകരണത്തോടെ കൊല്ലങ്കോട് ആശ്രയം റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി, തൃശ്ശൂർ കാടകം പ്രകൃതി ക്ലബ് എന്നിവരാണ് തടയണകൾ നിർമിച്ചത്.ഗുരുവായൂർ ശ്രീകൃഷ്ണകോളേജ്, തൃശ്ശൂർ കേരളവർമ കോളേജ്, തൃശ്ശൂർ സെയ്ന്റ് അലോഷ്യസ് കോളേജ്, തൃശ്ശൂർ ക്രൈസ്റ്റ് കോളേജ് എന്നീ കലാലയങ്ങളിലെ 40 വിദ്യാർഥികൾ പങ്കാളികളായി. സംസ്ഥാന തല പ്രകൃതിപഠന ക്യാമ്പിന്റെ ഭാഗമായാണ് വിദ്യാർഥികൾ പറമ്പിക്കുളത്തെത്തിയത്.

മുതലമട ശുക്കിരിയാർ വനമേഖലയിലെ ഷഡ്പദങ്ങൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെയും ജൈവവൈവിധ്യത്തെയും കുറിച്ചുള്ള പഠനം (ബയോ മോണിറ്ററിങ്), പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ എന്നിവ ക്യാമ്പിന്റെ ഭാഗമായി. സസ്യശാസ്ത്ര പഠനവിഭാഗങ്ങളുടെ പങ്കാളിത്തത്തോടെ ഷഡ്പദങ്ങൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ വൈവിധ്യത്തെക്കുറിച്ച് പഠനവും നടത്തി. സസ്യ-ജീവജാലങ്ങളുടെ വൈവിധ്യ രജിസ്റ്റർ വനംവകുപ്പിന് നൽകും.പറമ്പിക്കുളം ഒരുക്കൊമ്പൻ റേഞ്ച് ഓഫീസർ എ. വിജിൻദേവ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

ഡോ. ആർ. ബ്രിനേഷ്, ഡോ. ജെയിൻ ജെ.തെറാട്ടിൽ, ഡോ. ബിജോയ്, സി. ബിഞ്ചു ജേക്കബ്, എസ്. ഗുരുവായൂരപ്പൻ തുടങ്ങിയവർ വിവിധവിഷയങ്ങളിൽ ക്ലാസ് നയിച്ചു. സി. പ്രശാന്ത്, പി.ആർ. അനിൽകുമാർ, റീത്താ അരവിന്ദ്, എ.ജി. ശശികുമാർ, പി. അരവിന്ദാക്ഷൻ തുടങ്ങിയവർ സംസാരിച്ചു.

# ആരും തല്ലാത്ത, ശിക്ഷിക്കാത്ത ലോകത്തേക്ക് കുഞ്ഞു മുസ്കാൻ യാത്രയായി



കൊച്ചി: കോതമംഗലം നെല്ലിക്കുഴിയിൽ രണ്ടാനമ്മ അനീഷ കൊലപ്പെടുത്തിയ ആറു വയസ്സുകാരി മുസ്കാൻ ആരും തല്ലാത്ത, ശിക്ഷിക്കാത്ത ലോകത്തേക്ക് യാത്രയായി.മുസ്കാന്റെ സംസ്കാര ഇന്നു രാവിലെ 11 മണിക്ക് നെല്ലിമുറ്റം ജുമാ മസ്ജിദിൽ നടന്നു.കേസിൽ അറസ്റ്റിലായ രണ്ടാനമ്മ അനീഷയെ ഇന്നു വിശദമായി ചോദ്യം ചെയ്യും. കൊലപാതകത്തിന് പിന്നിൽ ബാഹ്യപ്രേരണ ഉണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരുത്താനാണ് വീണ്ടും ചോദ്യം ചെയ്യുന്നത്.

അജാസ് ഖാന്റെ രണ്ടാം ഭാര്യയാണ് അനീഷ. അനീഷക്ക് കുട്ടികളെ തല്ലുന്ന ശീലം ഉണ്ടായിരുന്നുവെന്നുവെന്നും കുഞ്ഞിനോട് ദേഷ്യമുണ്ടായിരുന്നുവെന്നും അജാസ് ഖാൻ പറഞ്ഞു. പക്ഷേ കൊല്ലുമെന്ന് കരുതിയില്ലെന്ന് അദ്ദേഹം പൊലീസിനോട് പറഞ്ഞു.കുഞ്ഞ് മരിച്ച അന്ന് രാത്രി പത്തരയ്ക്ക് വീട്ടിലെത്തിയിരുന്നു. അപ്പോൾ സംശയം ഒന്നും തോന്നിയില്ല. വീണ്ടും പണി സ്ഥലത്തേക്കു പോയി. ജോലികഴിഞ്ഞ് ഒരു മണിക്കാണ് മടങ്ങിയെത്തിയത്. അപ്പോൾ കുട്ടി ഉറങ്ങുകയാണെന്നാണ് കരുതിയത്. രാവിലെ അനീഷ തന്നെയാണ് കുഞ്ഞ് എഴുന്നേൽക്കുന്നില്ല എന്നു പറഞ്ഞ് നിലവിളിച്ചതെന്നും അജാസ് പറഞ്ഞു.അനീഷ കുഞ്ഞിനെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തി എന്നാണ് പൊലീസിന്റെ കണ്ടെത്തൽ.കൊച്ചി: കോതമംഗലം നെല്ലിക്കുഴിയിൽ രണ്ടാനമ്മ അനീഷ കൊലപ്പെടുത്തിയ ആറു വയസ്സുകാരി മുസ്കാൻ ആരും തല്ലാത്ത, ശിക്ഷിക്കാത്ത ലോകത്തേക്ക്

യാത്രയായി.മുസ്കാന്റെ സംസ്കാര ഇന്നു രാവിലെ 11 മണിക്ക് നെല്ലിമുറ്റം ജുമാ മസ്ജിദിൽ നടന്നു.കേസിൽ അറസ്റ്റിലായ രണ്ടാനമ്മ അനീഷയെ ഇന്നു വിശദമായി ചോദ്യം ചെയ്യും. കൊലപാതകത്തിന് പിന്നിൽ ബാഹ്യ പ്രേരണ ഉണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരുത്താനാണ് വീണ്ടും ചോദ്യം ചെയ്യുന്നത്.

അജാസ് ഖാന്റെ രണ്ടാം ഭാര്യയാണ് അനീഷ. അനീഷക്ക് കുട്ടികളെ തല്ലുന്ന ശീലം ഉണ്ടായിരുന്നുവെന്നുവെന്നും കുഞ്ഞിനോട് ദേഷ്യമുണ്ടായിരുന്നുവെന്നും അജാസ് ഖാൻ പറഞ്ഞു. പക്ഷേ കൊല്ലുമെന്ന് കരുതിയില്ലെന്ന് അദ്ദേഹം പൊലീസിനോട് പറഞ്ഞു.കുഞ്ഞ് മരിച്ച അന്ന് രാത്രി പത്തരയ്ക്ക് വീട്ടിലെത്തിയിരുന്നു. അപ്പോൾ സംശയം ഒന്നും തോന്നിയില്ല. വീണ്ടും പണി സ്ഥലത്തേക്കു പോയി. ജോലികഴിഞ്ഞ് ഒരു മണിക്കാണ് മടങ്ങിയെത്തിയത്. അപ്പോൾ കുട്ടി ഉറങ്ങുകയാണെന്നാണ് കരുതിയത്. രാവിലെ അനീഷ തന്നെയാണ് കുഞ്ഞ് എഴുന്നേൽക്കുന്നില്ല എന്നു പറഞ്ഞ് നിലവിളിച്ചതെന്നും അജാസ് പറഞ്ഞു.അനീഷ കുഞ്ഞിനെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തി എന്നാണ് പൊലീസിന്റെ കണ്ടെത്തൽ.

# പാലക്കാട് 75 പേർ സിപിഎം വിട്ട് കോൺഗ്രസിൽ ചേർന്നു

പാലക്കാട് 75 പേർ സിപിഎം വിട്ട് കോൺഗ്രസിൽ ചേർന്നു. തേൻകുറിശ്ശി പഞ്ചായത്തിൽ മുൻ ലോക്കൽ കമ്മറ്റി സെക്രട്ടറിയും മൂന്ന് ബ്രാഞ്ച് സെക്രട്ടറിമാരും ഒരു ഡി.വൈ.എഫ്.ഐ യൂണിറ്റ് സെക്രട്ടറിയും അടക്കം 75 പേരാണ് പാർട്ടി വിട്ടത്. ഡി.സി.സി സംഘടിപ്പിച്ച അംഗത്വവിതരണ ചടങ്ങിൽ പാലക്കാട് എം.എൽ.എ രാഹുൽ മാങ്കൂട്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. സന്ദീപ് വാര്യർ മുഖ്യാതിഥിയായി സംബന്ധിച്ചു.

സി.പി.എം മുൻ ലോക്കൽ കമ്മറ്റി സെക്രട്ടറിയും ഏരിയ കമ്മിറ്റി അംഗവുമായ എം. വിജയൻ, ബ്രാഞ്ച് സെക്രട്ടറിമാരായ സുരേന്ദ്രൻ, സതീഷ് കുമാർ, രാധാകൃഷ്ണൻ, ഡി.വൈ.എഫ്.ഐ യൂണിറ്റ് സെക്രട്ടറി രാഹുൽ എന്നിവരുടെ നേതൃത്വത്തിൽ 75 ഓളം സിപിഎം പ്രവർത്തകർ കോൺഗ്രസിൽ ചേരാൻ തീരുമാനമെടുത്തു.

സി.പി.എം നടുവണ്ണൂർ വെസ്റ്റ് ബ്രാഞ്ച് സെക്രട്ടറിയും എസ്.എഫ്.ഐ മുൻ ജില്ലാ സെക്രട്ടറിയേറ്റ് അംഗവുമായ അക്ബറലി കൊയമ്പ്രത്ത് കഴിഞ്ഞ ദിവസം സി.പി.എം വിട്ട് കോൺഗ്രസിൽ ചേർന്നിരുന്നു.

നടുവണ്ണൂർ നിയാഡ്കോ സഹകരണ സംഘം പ്രസിഡന്റ് സ്ഥാനവും രാജിവച്ചാണ് അദ്ദേഹം കോൺഗ്രസിൽ ചേർന്നത്. ഡി.സി.സി പ്രസിഡന്റ് കെ. പ്രവീൺകുമാർ കോഴിക്കോട് ഡി.സി.സി ഓഫിസിൽ വെച്ച് ഷാൾ അണിയിച്ച് അക്ബറലിയെ പാർട്ടിയിലേക്ക് സ്വീകരിച്ചു.

മെക് സെവൻ വിവാദത്തിലൂടെ പി. മോഹനൻ ഉത്തരവാദിത്വമില്ലാത്ത പ്രസ്താവനയാണ് നടത്തിയതെന്നും അക്ബറലി വിമർശിച്ചു.

സി.പി.എമ്മിന്റെ മതേതര കാഴ്ചപ്പാട് കാപട്യമാണെന്നും വർഗീയതയോട് സി.പി.എം എടുക്കുന്ന നിലപാട് ആശങ്ക ഉണ്ടാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

## കെഐആർഎഫ് റാങ്കിങ്: സ്വാശ്രയ കോളേജുകളിൽ സാഫിക്ക് ഒന്നാം സ്ഥാനം

വാഴയൂർ (മലപ്പുറം): കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണ നിലവാരം അളക്കുന്ന സംവിധാനമായ കെഐആർഎഫ് റാങ്കിങ്ങിൽ മുന്നേറ്റമുണ്ടാക്കി വാഴയൂർ സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി (ഓട്ടോണോമസ് ). സംസ്ഥാന റാങ്കിങ്ങിൽ 19-ാം സ്ഥാനമാണ് സാഫി സ്വന്തമാക്കിയത്.

ഒപ്പം സ്വാശ്രയ കോളേജുകളുടെ പട്ടികയിൽ ഒന്നാമതും, ആദ്യ റാങ്കിൽ ഉൾപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ സ്ഥാപനവുമായി സാഫി മാറി. നേരത്തെ ഇന്ത്യയിൽ തന്നെ ആദ്യഘട്ട നാക് അസ്സസ്മെന്റിൽ ഏറ്റവും ഉയർന്ന ഗ്രേഡായ എ പ്ലസ് നേടിയ ആർട്സ് ആൻഡ് സയൻസ് കോളേജ് എന്ന നേട്ടം സാഫി കൈവരിച്ചിരുന്നു.തുടർന്ന് സ്വയംഭരണ പദവിയും സാഫിയെ തേടിയെത്തി. രാജ്യത്തെ ഏറ്റവും മികച്ച ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി മാറുക എന്ന സ്വപ്നത്തിലേക്കുള്ള ഒരു ചുവടാണ് ഈ നേട്ടം എന്ന് സാഫി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാനായ സി.എച്ച് അബ്ദുൽ റഹീം, ജനറൽ സെക്രട്ടറി മെഹബൂബ് എം.എ, സി.ഇ.ഒ യും പ്രിൻസിപ്പാളുമായ പ്രൊഫ. ഇ പി ഇമ്പിച്ചിക്കോയ എന്നിവർ പറഞ്ഞു.

# 'ഞെട്ടിക്കുന്ന' തലക്കെട്ടിട്ട് പ്രേക്ഷകരെ പറ്റിക്കേണ്ട; ഇന്ത്യയിൽ കർശന നിയമവുമായി യൂട്യൂബ്

ന്യൂഡൽഹി: 'ഇതു കണ്ടാൽ നിങ്ങൾ ഞെട്ടും', 'ഞെട്ടിപ്പിക്കുന്ന വാർത്ത', 'നടുക്കുന്ന ദൃശ്യങ്ങൾ'... യൂട്യൂബിൽ 'ഞെട്ടിപ്പിക്കുന്ന' തലക്കെട്ടിട്ട് 'വ്യൂ' കൂട്ടാനുള്ള ആ ചെപ്പടിവിദ്യ ഇനി നടക്കില്ല. വിഡിയോകൾക്ക് അതിശയിപ്പിക്കുന്ന 'ക്ലിക്ക്ബെയ്റ്റ്' തലക്കെട്ടുകളും തമ്പ്നെയിലുകളും നൽകുന്നതിനെതിരെ കർശന നിയമങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണ് ഗൂഗിൾ. ഇന്ത്യയിലെ കണ്ടെന്റ് ക്രിയേറ്റർമാരെ ലക്ഷ്യമിട്ടാണ് ഇത്തരമൊരു നീക്കം.

അതിശയവും ആകാംക്ഷയും ജനിപ്പിക്കുന്ന തരത്തിലുള്ള ക്ലിക്ക്ബെയ്റ്റ് കണ്ടെന്റുകൾ യൂട്യൂബിൽ നിയന്ത്രിക്കാനുള്ള നടപടി ശക്തമാക്കുന്നതിന്റെ ഭാഗമായാണു പുതിയ നിയമങ്ങൾ കൊണ്ടുവരുന്നതെന്ന് ഗൂഗിൾ ഇന്ത്യയുടെ ബ്ലോഗ് പോസ്റ്റിൽ പറയുന്നു. വിഡിയോയിലില്ലാത്ത കാര്യങ്ങൾ തലക്കെട്ടിലും തമ്പ്നെയിലിലും നൽകി കാഴ്ചക്കാരെ കബളിപ്പിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുമെന്നു മുന്നറിയിപ്പുണ്ട്. പ്രത്യേകിച്ചും പുതിയ വാർത്താ സംഭവവികാസങ്ങളിലായിരിക്കും നിയന്ത്രണം. പ്രേക്ഷകരെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഉള്ളടക്കങ്ങൾ തടയുകയാണു പുതിയ നിയമങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്ന് ഗൂഗിൾ ബ്ലോഗിൽ പറയുന്നു. ഇന്ത്യയിൽ വരുംമാസങ്ങളിൽ തന്നെ നിയന്ത്രണങ്ങൾ നടപ്പാക്കിത്തുടങ്ങുമെന്ന് പോസ്റ്റിൽ പറയുന്നു.

പുതിയ വാർത്താ സംഭവങ്ങളിൽ വിഡിയോയ്ക്കകത്തെ ഉള്ളടക്കമല്ലാത്ത തലക്കെട്ടും തമ്പ്നെയിലും നൽകിയാൽ 'ക്ലിക്ക്ബെയ്റ്റ്' ആയി കണക്കാക്കുമെന്ന് ഗൂഗിൾ ബ്ലോഗിൽ പറയുന്നു. പുതിയതും സുപ്രധാനവുമായ വാർത്തകൾ തിരഞ്ഞ് യൂട്യൂബിലെത്തുന്നവരെ നിരാശപ്പെടുത്തുന്നതാകും ഇത്തരം രീതികൾ. പ്രേക്ഷകർക്ക് കബളിപ്പിക്കപ്പെടുകയോ തെറ്റിദ്ധരിപ്പിക്കപ്പെടുകയോ ചെയ്തതായുള്ള തോന്നലുമുണ്ടാക്കുമെന്നും ഗൂഗിൾ ചൂണ്ടിക്കാട്ടുന്നു.




ബ്ലോഗ് പോസ്റ്റിൽ ഉദാഹരണസഹിതമാണു പുതിയ നിയമത്തെ കുറിച്ച് വിശദീകരിക്കുന്നത്. 'പ്രസിഡന്റ് രാജിവച്ചു' എന്ന തലക്കെട്ടോടെയുള്ള ഒരു വിഡിയോ വാർത്ത ഉദാഹരണം. വിഡിയോയ്ക്കകത്ത് പ്രസിഡന്റിന്റെ രാജിയെക്കുറിച്ച് ഒരു പരാമർശവുമില്ലെങ്കിൽ നടപടിയുണ്ടാകും. 'സുപ്രധാന രാഷ്ട്രീയ വാർത്തകൾ' എന്ന തമ്പ്നെയിൽ നൽകിയ വിഡിയോയ്ക്കകത്ത് അത്തരത്തിലുള്ള ഒരു വിവരവുമില്ലാതെ പോകുന്നത് മറ്റൊരു ഉദാഹരണമായും ചൂണ്ടിക്കാട്ടുന്നുണ്ട്.

തുടക്കത്തിൽ 'സ്ട്രൈക്ക്' മുന്നറിയിപ്പ് നൽകാതെയായിരിക്കും നിയമം ലംഘിക്കുന്ന വിഡിയോകൾ നീക്കം ചെയ്യുക. പുതുതായി അപ്ലോഡ് ചെയ്യുന്ന വിഡിയോകൾക്കെതിരെയായിരിക്കും തുടക്കത്തിൽ നടപടി സ്വീകരിക്കുക. പുതിയ നിയമങ്ങൾ അറിയാനും മനസിലാക്കാനുമുള്ള സമയം കണ്ടെന്റ് ക്രിയേറ്റർമാർക്കു നൽകുമെന്നും ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണം നടത്തുമെന്നും ഗൂഗിൾ അറിയിച്ചു.

അതേസമയം, ഏതൊക്കെ മേഖലയിലാണ് യൂട്യൂബ് നിയന്ത്രണം കൊണ്ടുവരുന്നതെന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. പുതിയ വാർത്താ ഉള്ളടക്കങ്ങൾക്കാണു പ്രാമുഖ്യം നൽകുന്നതെന്നു പറയുന്നുണ്ടെങ്കിലും രാഷ്ട്രീയ വാർത്തകൾ മാത്രമാണോ, അതോ പുതിയ സാമൂഹിക സംഭവവികാസങ്ങളും ഇതിൽ പെടുമോ എന്നൊന്നും വ്യക്തമാക്കുന്നില്ല. കായിക വാർത്തകൾക്കെതിരെയും നടപടിയുണ്ടാകുമോ എന്ന കാര്യത്തിൽ വ്യക്തത വന്നിട്ടില്ല.

യൂട്യൂബിന്റെ ലോകത്തെ ഏറ്റവും വലിയ മാർക്കറ്റാണ് ഇന്ത്യ. ഏറ്റവും പുതിയ കണക്കുപ്രകാരം 476 മില്യൺ യൂട്യൂബ് യൂസർമാരാണ് രാജ്യത്തുള്ളത്. തൊട്ടുപിന്നിലുള്ള അമേരിക്കയുടെ(238 മില്യൺ) ഇരട്ടിയോളം വരും ഇത്. മൂന്നാം സ്ഥാനത്ത് ബ്രസീലും(147 മില്യൺ), നാലാം സ്ഥാനത്ത് ഇന്തോനേഷ്യയും(139 മില്യൺ) ആണുള്ളത്.

ഇന്ത്യയിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്ന അഞ്ചിൽ നാലുപേരും യൂട്യൂബ് ഉപയോഗിക്കുന്നുവെന്നാണ് റിപ്പോർട്ട്. രാജ്യത്തെ കൂടുതൽ പേരും വാർത്തകൾ അറിയാൻ ആശ്രയിക്കുന്നത് തങ്ങളുടെ വിഡിയോ പ്ലാറ്റ്ഫോമിനെയാണെന്നും ഗൂഗിൾ വെളിപ്പെടുത്തിയിട്ടുണ്ട്.

# ഉറങ്ങാൻ വേണ്ടിയുള്ള പെടാപ്പാട്; എന്താണ് സ്ലീപ്മാക്സിങ് ടെക്നിക്

ഇന്ന് ലോകം നേരിടുന്ന വലിയ ആരോഗ്യ വെല്ലുവിളിയാണ് ഉറക്കമില്ലായ്മ. ഊണിലും ഉറക്കത്തിലും വരെയുള്ള സ്മാർട്ട് ഫോൺ ഉപയോഗം, ജോലിയിലെ സമ്മർദം, അലസമായ ജീവിതശൈലി തുടങ്ങി ഉറക്കമില്ലായ്മക്ക് കാരണങ്ങൾ നിരവധിയുണ്ട്. ഉറക്കത്തിന്റെ ഗുണനിലവാരം കുറയുന്നത് മൊത്തത്തിലുള്ള ആരോഗ്യത്തെ ബാധിക്കുമെന്ന ബോധ്യമാണ് സോഷ്യൽമീഡിയയിൽ ഇപ്പോൾ ട്രെൻഡ് ആകുന്ന സ്ലീപ്മാക്സിങ്.

ഉറക്കത്തിലേക്ക് പെട്ടെന്ന് വഴുതിവീഴുന്നതിന് പല ടെക്നിക്കുകളും കാലാകാലങ്ങൾ ആളുകൾ പരീക്ഷിക്കാറുണ്ട്. പൂജ്യം മുതൽ 100 വരെ എണ്ണി തീരുമ്പോഴെക്കും പണ്ടൊക്കെ ഉറക്കം പിടിക്കുമായിരുന്നു. ഇത് ഒരു തരത്തിലുള്ള സ്ലീപ്മാക്സിങ് ടെക്നിക്കാണ്. എന്നാൽ ഇന്ന് ഇത്തരം പ്രയോഗങ്ങളൊന്നും ഏൽക്കാത്ത മട്ടാണ്.

ഉറക്കത്തിന്റെ ഗുണനിലവാരം ഉയർത്താൻ സ്ലീപ്മാക്സിങ് ടെക്നിക് ഫലപ്രദമാണ്. എന്നാൽ ഈ ടെക്നിക്കിൽ കുറച്ച് അപകട സാധ്യതയും ഒളിഞ്ഞു കിടപ്പുണ്ട്.

ഉറക്കം ലഭിക്കാൻ പലരും അശാസ്ത്രീയ മാർഗങ്ങൾ തെരഞ്ഞെടുക്കുന്നത് ഗുണത്തെക്കാൾ ദോഷം ഉണ്ടാക്കാം.

ഉറക്കഗുളികകൾ മുതൽ മൗത്ത് ടേപ്പ് വരെയാണ് യുവതലമുറ സ്ലീപ്മാക്സിങ് ടെക്സിക്കുകളിൽ ഉപയോഗിക്കുന്നത്. ഇത് തികച്ചും അശാസ്ത്രീയമാണ്.

ഉറങ്ങുമ്പോഴുള്ള കൂർക്കംവലി ഒഴിവാക്കുന്നതിനും ഉറക്കം പെട്ടെന്ന് വരുന്നതിനുമാണ് മൗത്ത് ടേപ്പ് ഉപയോഗിക്കുന്നത് എന്നാൽ ഇത് ഉത്കണ്ഠയും ശ്വസിക്കാൻ ബുദ്ധിമുട്ടും ഉണ്ടാക്കാമെന്ന് ആരോഗ്യവിദഗ്ധർ പറയുന്നു.

ചിലരിൽ ഓക്സിജന്റെ അളവിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാൻ വരെ കാരണമാകാം. കൂടാകെ സ്ഥിരമായി ഉറക്കഗുളികകളെ ആശ്രയിക്കുന്നതും ആരോഗ്യത്തിന് ഹാനികരമാണ്.



### നല്ല ഉറക്കത്തിന്

- ☐ ഉച്ചകഴിഞ്ഞുള്ള ഉറക്കം ഒഴിവാക്കുക
- ☐ പകൽ ശരീരിക വ്യായാമങ്ങൾ ചെയ്യുക.
- ☐ ഉറക്കം മെച്ചപ്പെടുത്തുന്നതിന് ഉറക്കത്തിന് കൃത്യനിഷ്ഠ പാലിക്കാൻ ശ്രമിക്കുക.
- ☐ ബ്ലൂലൈറ്റ് ഉറക്കം തടസപ്പെടുത്തുമെന്നതിനാൽ ഉറങ്ങുന്നതിന് ഒന്നര മണിക്കൂർ മുൻപ് ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം നിർത്തുക.
- ☐ രാത്രി ഉറങ്ങുമ്പോൾ പരമാവധി കോട്ടർ വസ്ത്രങ്ങൾ ധരിക്കാൻ ശ്രമിക്കുക.
- ☐ ഉറങ്ങുന്നതിന് തൊട്ടു മുൻപ് കാപ്പി, ചായ തുടങ്ങിയവ പാടില്ല.



# അണ്ടർ 19 ഏഷ്യാ കപ്പ് വനിതാ ടി20; ശ്രീലങ്കയെ വീഴ്ത്തി, ഇന്ത്യ ഫൈനലിൽ

ക്വലാലംപുർ: അണ്ടർ 19 ഏഷ്യാ കപ്പ് വനിതാ ടി20 പോരാട്ടത്തിൽ ഇന്ത്യ ഫൈനലിൽ. സൂപ്പർ ഫോർ പോരാട്ടത്തിൽ ഇന്ത്യ ശ്രീലങ്കൻ കൗമാരക്കാരികളെ വീഴ്ത്തി. 4 വിക്കറ്റിനാണ് ഇന്ത്യയുടെ ജയം.

ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്കയുടെ പോരാട്ടം 9 വിക്കറ്റ് നഷ്ടത്തിൽ 98 റൺസെടുത്തു. ഇന്ത്യ 14.5 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 102 റൺസെടുത്തു അനായാസം ലക്ഷ്യം കണ്ടു.

4 ഓവറിൽ 10 റൺ മാത്രം വഴങ്ങി 4 വിക്കറ്റുകൾ വീഴ്ത്തിയ ആയുഷി ശുക്ലയുടെ ബൗളിങാണ് ഇന്ത്യൻ ജയത്തിന്റെ കാതൽ. പൗരുണിക സിസോദിയ രണ്ട് വിക്കറ്റെടുത്തു.

ഇന്ത്യക്കായി ബാറ്റിങ് ഗോംഗഡി തൃഷ ടോപ് സ്കോററായി. താരം 32 റൺസെടുത്തു. 24 പന്തിൽ 3 സിക്സും 2 ഫോറും സഹിതമായിരുന്നു താരത്തിന്റെ വെടിക്കെട്ട്. കാമിലിനി 28 റൺസും കണ്ടെത്തി.നേരത്തെ, 33 റൺസെുത്ത ക്യാപ്റ്റൻ മനുദി നയനക്കരുടെ ബാറ്റിങാണ് ലങ്കയെ ഈ നിലയ്ക്കെത്തിച്ചത്. സമുദ്ര നിസൻസല (21)യാണ് രണ്ടക്കം കടന്ന മറ്റൊരാൾ. മിതില വിനോദ് 17 റൺസുമായി പുറത്താകാതെ നിന്നു.

# മോഹൻ ബഗാനെ തോൽപ്പിച്ച് എഫ്സി ഗോവ അപരാജിത കുതിപ്പ് തുടരുന്നു

ഗോവ, ഡിസംബർ 20: ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ എഫ്സി ഗോവ ഇന്ത്യൻ സൂപ്പർ ലീഗ് (ഐഎസ്എൽ) 2024-25 സീസണിൽ ലീഗ് ലീഡർമാരായ മോഹൻ ബഗാൻ സൂപ്പർ ജയന്റിനെതിരെ 2-1 ന് വിജയിച്ചു.

ബ്രൈസൺ ഫെർണാണ്ടസ് ഇരട്ട ഗോളുകളുമായി ഗോവയുടെ ഹീറോ ആയി. ഈ വിജയം അവരുടെ അപരാജിത പരമ്പര ഏഴ് മത്സരങ്ങളിലേക്ക് നീട്ടി.

12-ാം മിനിറ്റിൽ എഫ്സി ഗോവ ഇന്ന് ആദ്യ ഗോൾ നേടി. ബ്രൈസൺ ഫെർണാണ്ടസ് ആണ് മുംബൈ ഡിഫൻസിനെ കീഴ്പ്പെടുത്തിയത്.

സമനില ഗോളിനായി മോഹൻ ബഗാൻ ശക്തമായി സമ്മർദ്ദം ചെലുത്തിയാണ് രണ്ടാം പകുതി തുടങ്ങിയത്. 55-ാം മിനിറ്റിൽ അർമാൻ



ഡോ സാദികു ബോക്സിൽ പന്ത് കൈ കോണ്ട് തൊട്ടതിന് പെനാൽറ്റി ലഭിച്ചതോടെ ബഗാൻ സമനില നേടി. പെട്രാറ്റോസ് ശാന്തമായി പന്ത് പരിവർത്തനം ചെയ്തു. സ്കോർ 1-1.

എന്നാൽ, എഫ്സി ഗോവ പിന്മാറാൻ തയ്യാറായില്ല. 68-ാം മിനിറ്റിൽ ബ്രൈസൺ ഫെർണാണ്ടസ്, ബോർജ നൽകിയ ക്രോസിൽ തലവെച്ച് ഗോവക്ക് ലീഡ് തിരികെ നൽകി. മോഹൻ ബഗാന് ഇത് ഈ സീസണിലെ രണ്ടാം തോൽവിയാണ്.

# സാംസ്കാരിക വൈവിധ്യത്തിന്റെ നിറവിൽ ഇന്ത്യൻ സ്കൂൾ ഫെയറിന് വൻ ജന പങ്കാളിത്തം

മനാമ: രണ്ടു വർഷത്തെ ഇടവേളക്കു ശേഷം ഇന്ത്യൻ സ്കൂൾ ഒരുക്കിയ സാംസ്കാരിക മേളയുടെ ആദ്യ ദിനത്തിൽ വൻ ജനാവലി ഇസ ടൗണിലെ സ്കൂൾ ഗ്രൗണ്ടിലേക്ക് ഒഴുകിയെത്തി. നേരിയ തണുപ്പ് വകവെക്കാതെ എത്തിയ വലിയൊരു ജനസഞ്ചയത്തെ ആകർഷിക്കാൻ ഇന്ത്യൻ സ്കൂൾ സമൂഹത്തിന്റെ ഒത്തൊരുമയിലൂടെ സാധിച്ചു. ഇന്ത്യൻ സ്കൂൾ ഗ്രൗണ്ടിൽ നടന്ന മേള നാടിന്റെ സാംസ്കാരിക വൈവിധ്യവും കലാപരമായ കഴിവും ആഘോഷിക്കാൻ ഒരു വേദിയായി. ആവേശത്തോടെയും ഐക്യത്തോടെയും രക്ഷിതാക്കളും വിദ്യാർത്ഥികളും അധ്യാപകരും അഭ്യുദയകാംക്ഷികളും മേള വിജയിപ്പിക്കാൻ രംഗത്തിറങ്ങിയിരുന്നു. ഇന്ത്യൻ അംബാസഡർ വിനോദ് കെ ജേക്കബ് മേള ഉദ്ഘാടനം ചെയ്തു.

തൊഴിൽ മന്ത്രാലയം അസി. അണ്ടർസെക്രട്ടറി അഹമ്മദ് അൽ ഹൈക്കി, പ്രൈവറ്റ് എജ്യുക്കേഷൻ ഡയറക്ടർ ലുൽവ ഗസ്സൻ അൽ മുഹന്ന, വിദ്യാഭ്യാസ മന്ത്രാലയം റിസ്ക് അസസ്മെന്റ് ആൻഡ് ലീഗൽ അഫയേഴ്സ് ഡയറക്ടർ റീം അബോധ് അൽ സനായി, ജനറൽ ഡയറക്ടറേറ്റ് ഓഫ് ട്രാഫിക്ക് ക്യാപ്റ്റൻ ഖുലൂദ് യഹ്യ ഇബ്രാഹിം, ലഫ്.ജനറൽ ശൈഖ അഹമ്മദ് അൽ ഖലീഫ, ഖത്തർ എഞ്ചിനീയറിംഗ് ലബോറട്ടറീസ് ചെയർമാനും ജനറൽ മാനേജരുമായ കെ.ജി.ബാബുരാജൻ, അമാദ് ബൈദ് ഇലക്ട്രിക്കൽ മാനേജിംഗ് ഡയറക്ടർ പമ്പാവാസൻ നായർ, ഐ.സി.ആർ.എഫ് ചെയർമാൻ അഡ്വ.വി.കെ. തോമസ്, ഇന്ത്യൻ സ്കൂൾ ചെയർമാൻ അഡ്വ.ബിനു മണ്ണിൽ വറുഗീസ്, സെക്രട്ടറി വി. രാജപാണ്ഡ്യൻ, സ്റ്റാർ വിഷൻ ഇവന്റ്സ് ചെയർമാനും സിഇഒയുമായ സേതുരാജ് കടയ്ക്കൽ, സ്കൂൾ വൈസ് ചെയർമാനും സ്പോർട്സ് അംഗവുമായ ഡോ. മുഹമ്മദ് ഫൈസൽ, അസി.സെക്രട്ടറിയും അക്കാദമിക് അംഗവുമായ രഞ്ജിനി മോഹൻ, ഭരണ സമിതി അംഗങ്ങളായ മിഥുൻ മോഹൻ (പ്രോജക്ട് ആൻഡ് മെയിന്റനൻസ്), ബിജു ജോർജ്, മുഹമ്മദ് നയാസ് ഉല്ല(ഗതാഗതം), പ്രിൻസിപ്പൽ വി.ആർ പളനിസ്വാമി, ജൂനിയർ വിങ് പ്രിൻസിപ്പൽ പമേല സേവ്യർ, മേളയുടെ സംഘാടക സമിതി ജനറൽ കൺവീനർ വിപിൻ കുമാർ എന്നിവർ സന്നിഹിതരായിരുന്നു.

ഇന്ത്യൻ സ്കൂൾ വിദ്യാർത്ഥികളുടെ നേട്ടങ്ങളെ ഇന്ത്യൻ അംബാസഡർ വിനോദ് കെ ജേക്കബ് പ്രശംസിച്ചു. ഇന്ത്യയുടെ വിദേശകാര്യ മന്ത്രാലയം സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ ഇന്ത്യൻ സ്കൂൾ കുട്ടികളുടെ സജീവ പങ്കാളിത്തം അദ്ദേഹം എടുത്തുകാട്ടി. ഭാരത് കോ ജാനിയെ ക്വിസിൽ പങ്കെടുക്കാൻ ബഹ്റൈനിൽ നിന്നുള്ള 8,000 രജിസ്ട്രേഷനുകളിൽ 3,200 എണ്ണം ഇന്ത്യൻ സ്കൂളുകളിൽ നിന്നുള്ളതായിരുന്നു. പാഠ്യേതര പ്രവർത്തനങ്ങൾക്ക് സ്കൂളിൽ കാര്യമായ ശ്രദ്ധ ലഭിക്കുന്നു. രാജ്യത്തെ നിയമങ്ങൾ പാലിച്ചതിന് അംബാസഡർ സ്കൂളിനെ അഭിനന്ദിച്ചു. അതിഥികൾക്ക് മെമന്റോകൾ സമ്മാനിച്ചു. സ്കൂൾ ചെയർമാൻ അഡ്വ. ബിനു മണ്ണിൽ വർഗീസ് അധ്യക്ഷ പ്രസംഗം നടത്തി. പ്രിൻസിപ്പൽ വി.ആർ പളനിസ്വാമി സ്വാഗതവും സെക്രട്ടറി വി രാജപാണ്ഡ്യൻ നന്ദിയും പറഞ്ഞു. ഗായകൻ വിനീത് ശ്രീനിവാസനും സംഘവും ഹരം പകരുന്ന ഗാനങ്ങളിലൂടെ സദസ്സിനെ ആകർഷിച്ചു. വെള്ളിയാഴ്ചയും മേള തുടരുമ്പോൾ, ഗായിക ടിയ കർ നയിക്കുന്ന ഉത്തരേന്ത്യൻ സംഗീത മേളക്കായി പ്രതീക്ഷകൾ ഉയർന്നു. ഇന്നലെ ഗ്രൗണ്ടിലേക്ക് ഒഴുകിയെത്തിയ ജനങ്ങൾ സാംസ്കാരിക പ്രദർശനങ്ങളിലും മുഖ്യ വേദിയിലെ ഗാനമേളയിലും മുഴുകിയപ്പോൾ കുട്ടികൾ സ്റ്റാളുകളിലെ ഗെയിമുകളിലും ഓഡിറ്റോറിയത്തിൽ ഒരുക്കിയ വിനോദങ്ങളിലും മേള ആസ്വദിച്ചു. മേളയെ ഒരു ഒരു ആസ്വാദ്യകരമായ അനുഭവമാക്കി മാറ്റുന്നതിൽ സമൂഹത്തിന്റെ അകമഴിഞ്ഞ പങ്കാളിത്തം ഉണ്ടായതിൽ സ്കൂൾ ചെയർമാൻ അഡ്വ. ബിനു മണ്ണിൽ വർഗീസ്, സെക്രട്ടറി വി. രാജപാണ്ഡ്യൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, പ്രിൻസിപ്പൽ വി.ആർ. പളനിസ്വാമി, സംഘാടക സമിതി ജനറൽ കൺവീനർ വിപിൻ കുമാർ എന്നിവർ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തി.

# വാർണർ മുതൽ അശ്വിൻ വരെ; 2024ൽ ക്രിക്കറ്റിൽ നിന്ന് വിരമിച്ചത് വമ്പൻ താരനിര

ന്യൂഡൽഹി: ഇംഗ്ലീഷ് ഇതിഹാസം ജയിംസ് ആൻഡേഴ്സൺ മുതൽ ഇന്ത്യൻ സ്പിൻ മാന്ത്രികൻ ആർ അശ്വിൻ വരെ. 2024ൽ കളിക്കളത്തോട് വിടപറഞ്ഞത് ഒട്ടേറെ താരങ്ങൾ. 704 ടെസ്റ്റ് വിക്കറ്റ് വീഴ്ത്തിയ ഇംഗ്ലീഷ് പേസർ ജിമ്മി ആൻഡേഴ്സ് ജൂലൈയിൽ ലോഡ്സ് ടെസ്റ്റിലൂടെയാണ് റെഡ്ബോൾ ക്രിക്കറ്റിനോട് വിടപറഞ്ഞത്.

അനിൽ കുംബ്ലെക്ക് ശേഷം ഇന്ത്യക്കായി കൂടുതൽ വിക്കറ്റ് സ്വന്തമാക്കിയ ആർ അശ്വിൻ ബോർഡർ-ഗവാസ്കർ ട്രോഫിയാണ് വിരമിക്കലിനായി തെരഞ്ഞെടുത്തത്. നേരത്തെ ഏകദിന-ടി20യിൽ നിന്ന് കളമൊഴിഞ്ഞ ഇന്ത്യൻ ഓഫ് സ്പിന്നറെ ഐപിഎല്ലിലാകും ഇനി കാണുക. ഓസീസ് ഇതിഹാസം ഡേവിഡ് വാർണറാണ് ഈ വർഷം



രാജ്യാന്തര ക്രിക്കറ്റിനോട് വിടപറഞ്ഞ മറ്റൊരു പ്രമുഖ താരം. മൂന്ന് ഫോർമാറ്റിലും കങ്കാരുപടയുടെ വിശ്വസ്തനായിരുന്ന വാർണർ ജനുവരി ആറിനായിരുന്നു അവസാന മത്സരം കളിച്ചത്.

ഇന്ത്യൻ നായകൻ രോഹിത് ശർമയും വിരാട് കോഹ്ലിയും രവീന്ദ്ര ജഡേജയും ടി20 ക്രിക്കറ്റിൽ നിന്ന് വിടപറഞ്ഞതിനും ഈ വർഷം സാക്ഷ്യം വഹിച്ചു. 2007 ന് ശേഷം ഇന്ത്യ വീണ്ടും ടി20 ലോക കിരീടത്തിൽ മുത്തമിട്ടതിന് പിന്നാലെയായിരുന്നു ആരാധകരെ ഞെട്ടിക്കുന്ന പ്രഖ്യാപനമുണ്ടായത്. ന്യൂസിലാൻഡ് ഇതിഹാസ പേസർ ടിം സൗത്തിയുടെ കരിയർ എൻഡും 2024ലെ താളുകളിൽ അടയാളപ്പെടുത്തി. കിവീസിന്റെ എക്കാലത്തേയും മികച്ച ബൗളറായ സൗത്തി 17 വർഷത്തെ ക്രിക്കറ്റ് ജീവിതത്തിനാണ് ഫുൾസ്റ്റോപ്പിട്ടത്.

ഇന്ത്യൻ താരങ്ങളായ ദിനേശ് കാർത്തിക്, ശിഖർ ധവാൻ, കേദാർ ജാദവ്, സൗരഭ് തിവാരി, വൃദ്ധിമാൻ സാഹ, ഓസീസ് താരം മാത്യു വേഡ്, ഇംഗ്ലീഷ് താരം മൊയീൻ അലി, ബംഗ്ലാദേശ് താരം ഷാകിബ് അൽ ഹസൻ, ന്യൂസിലാൻഡ് താരം നെയിൽ വാഗ്നർ, ദക്ഷിണാഫ്രിക്കൻ താരം ഡീൻ എൽഗർ, പാകിസ്താന്റെ മുഹമ്മദ് അമീർ, ഇമാദ് വസിം,ദക്ഷിണാഫ്രിക്കൻ-നമീബിയൻ ക്രിക്കറ്റർ ഡേവിഡ് വീസ് തുടങ്ങി രണ്ടു ഡസണോളം താരങ്ങളാണ് എല്ലാ ഫോർമാറ്റിൽ നിന്നും ഈ വർഷം പടിയിറങ്ങിയത്.

# സുഹൃത്തിന്റെ വിവാഹത്തിന് ഡ്രസ് എടുക്കാൻ 600 രൂപ ഷെയർ നൽകിയില്ല; വീട് കയറി ആക്രമിച്ച് സുഹൃത്തുക്കൾ

പാലക്കാട്: സുഹൃത്തിന്റെ വിവാഹത്തിന് ഡ്രസ്സ് കോഡ് എടുക്കുന്നതിന് പണം നൽകാത്തതിന് വീട് കയറി ആക്രമണം.


പാലക്കാട് കോട്ടയിൽ കീഴത്തൂർ കരിയാട്ടു പറമ്പ് വീട്ടിൽ മൻസൂറിന്റെ വീട്ടിലായിരുന്നു ആക്രമണം. ആക്രമികൾ വീട്ട് മുറ്റത്ത് പാർക്ക് ചെയ്തിരുന്ന എട്ട് വാഹനങ്ങളും തകർത്തു.

600 രൂപ നൽകിയില്ലെന്നാരോപിച്ചായിരുന്നു ആക്രമണം. ഗുണ്ടാ സ്റ്റൈലിലെത്തിയ സംഘം വീട്ടുമുറ്റത്ത് നിർത്തിയിട്ടിരുന്ന എട്ടു വാഹനങ്ങളും തകർത്തു. ഇന്നലെ അർധരാത്രിയാണ് സംഭവം.

ഡ്രസ്സ് കോഡ് എടുക്കുന്ന




തിന് പണം നൽകാത്തതുമായി ബന്ധപ്പെട്ട് മൻസൂറും സുഹൃത്തുക്കളും തമ്മിൽ നേരത്തെ വാക്ക് തർക്കവും കയ്യാങ്കളിയും നടന്നിരുന്നു. ഇതിൻറെ വൈരാഗ്യമാണ് വീട്ടിൽ കയറി ആക്രമിച്ചതിന് പിന്നിലെന്ന് പൊലീസ് വ്യക്തമാക്കി. മാരക ആയുധങ്ങളുമായാണ് അക്രമിസംഘം എത്തിയതെന്നും മൻസൂർ പറഞ്ഞു




RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.